

പാപികളുടെ സങ്കേതമായ മറിയമേ, ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമെ.

# കർമ്മല കുസുമം.

പുസ്തകം ൨൫.) മെയ്. (ലക്കം ൫.


# മെയ്മാസ കീർത്തനം.

(ശ്രീമാൻ ഏ. ററി. ദേവസ്സി, ഏങ്ങണ്ടിയൂർ.)

ഹി. തോടി) "മതുരകാരകിളികൾവേശു" എന്ന രീതി. (ഏകതാളം.

൧. മറിയമേ! മൽപ്രിയമെഴുന്ന ജനനിയേ! സൽഭവികജാലം
നിറയുമംബ! കറയില്ലാത്തകന്യാമണേ! പാലകീ!
സുരകുലത്തിനും നരക്കും കന്യാംബികേ— പാലകീ!

൨. മനുജപാലൻ, തവതനയൻ, മിശിഹയെന്നീ വടിവോടനു
ദനുജനാം ഹേ,റോദേസിൽനിന്നു, രക്ഷിച്ചല്ലോ— പാലകീ! (സുരകുല.)

൩. സകലനാശകദനജാലം കളയുമെൻെറ പരമനാഥേ!
പകയെഴുന്നകഠിനനെന്നെ രക്ഷിക്കണേ— പാലകീ! (സുരകുല . ..)

൪. മറിയമേ! നീ കരുണയാനു വിരവിലെന്നിൽ വരമണയ്ക്കാൻ
മഹിമയേറും മമജനനീ! കൃപ്പീടുന്നേൻ— പാലകീ! (സുരകുല . . .)

൫. 'ഭവസമുദ്'മിതിലമനു ജവമിവൻ ഹാ! തുടിച്ചിടുന്നേൻ
ഭവികമേകിസദയം രക്ഷനൽകേണമേ— പാലകീ! (സുരകുല . . .)

# പ്രസാധകക്കുറിപ്പുകൾ.

## വണക്കമാസം.

എണ്ണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഒരിടയലേഖനത്തിൽ മേമാസവണക്കം സംബന്ധിച്ചു പറയുന്ന കൂട്ടത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "... മാതാവിൻെറനേരെയുള്ള നമ്മുടെ സ്നേഹവും വണക്കവും കാണിക്കുന്നതിനു തക്കതായ അവസരം ഇതാവന്നിരിക്കുന്നു. അടുത്ത മാസം (മെയ്മാസം) മാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മാസമാകുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിലും അധിവസിക്കുന്നവരായ കത്തോലിക്കർ ഈ മാസത്തിൽ പ്രത്യേകവിധം മാതാവിനെ വണങ്ങുന്നതിലും, മാതാവിൻെറ സ്തുതികളെ പാടുന്നതിലും, മാതാവിൻെറ നേരെയുള്ള ഭക്തി പരത്തുന്നതിലും, സ്തുത്യർഹ

മായ മാത്സര്യം പ്രദർശിപ്പിച്ചുവരുന്നതായി കാണുന്നു. അതുകൊണ്ടു നമ്മളും ഈ മാസത്തിൽ കൂടുതൽ ശുശ്രൂഷാന്തിയോടുകൂടി നമ്മുടെ അമ്മയെ സ്നേഹിക്കയും ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യണം. ഇതിനായി നിവൃത്തിയുള്ളവരൊക്കയും ദിവസേന പള്ളിയിൽപ്പോയി മാതാവിന്റെ സ്തുതിക്കായി കുർബാനകണ്ടു കാഴ്ചവയ്ക്കുകയും, മാസവണക്കത്തിൽ സംബന്ധിക്കയും ചെയ്വിൻ. പള്ളിയിൽപോകാൻ ഒഴിവില്ലാത്തവർ മാസവണക്കം വീട്ടിൽ കഴിക്കാൻ ശ്രമിക്കണം. കൊന്തനമസ്കാരം കൂടുതൽ ഭക്തിയോടുകൂടെ എത്തിപ്പിൻ. മാതാവിന്റെ സ്തുതിക്കായി ഓരോ സൽകൃത്യങ്ങൾ ചെയ്തുകാഴ്ചവയ്പ്പവിൻ. പാടുള്ളവരൊക്കയും കുമ്പസാരിച്ചു കൂടക്കൂടെ എന്നുമാത്രമല്ല ദിവസവും ശുദ്ധ കുർബാന കൈക്കൊണ്ടു മാതാവിനു പ്രസാദം വരുത്തുവിൻ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി മാതാവിന്റെ സഖ്യതകൾ (Sodalities) എല്ലാ ഇടവകകളിലും സ്ഥാപിച്ച് അതിൽ ചേൎന്നു മാതാവിന്റെ പ്രത്യേക ഭക്തിക്കാരായി ജീവിപ്പാൻ വേണ്ടതുചെയ്വിൻ. മക്കൾ കൂട്ടത്തവിധത്തിൽ മാതാവിനെ സ്നേഹിക്കയും നിങ്ങളുടെ നല്ല ജീവിതം കൊണ്ടും വചനംകൊണ്ടും ഭക്തിപരമായ പ്രവൃത്തികൾകൊണ്ടും മാതാവിനെ ബഹുമാനിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്കയും ചെയ്വിൻ. പരസ്നേഹത്തോടുകൂടെ ജീവിപ്പിൻ. ദുഷ്ടക്രിസ്ത്യാനികളേയും ഇടത്തൂട്ടുകാരേയും അജ്ഞാനികളേയും ഈ അമ്മയുടെയും, ഈ മാതാവുവഴി തന്റെ തിരുക്കുമാരന്റെയും പക്കലേക്കുകൊണ്ടുവരുന്നതിനു ഈ മാസത്തിൽ എല്ലാ വിധത്തിലുമുള്ള ശ്രമങ്ങളും ചെയ്വിൻ. ഇപ്രകാരം നിങ്ങൾചെയ്യുന്നുവെങ്കിൽ "ഇതാ നിന്റെ അമ്മ" എന്നു അരുളിച്ചെയ്ത നമ്മുടെ കൎത്താവിന്റെ മരണശാസനം ശരിയായി നിങ്ങൾ നിറവേററുന്നതും, ഈ അമ്മവഴിയായി നിത്യഭാഗ്യം അനുഭവിപ്പാൻ നിശ്ചയമായിട്ടും നിങ്ങൾക്കിടവരുന്നതുമാണ്. . . ."

## കത്തോലിക്ക കോൺഗ്രസ്സ്.

പാലായിൽവച്ചു അത്ഭുതപൂൎവ്വമായ ആഡംബരത്തോടുകൂടെ നടത്തപ്പെട്ട ശേഷം കഴിഞ്ഞ കൊല്ലം മുടങ്ങിക്കിടന്നിരുന്ന കേരളീയ കത്തോലിക്കകോൺഗ്രസ്സിന്റെ പത്താമത്തെ സമ്മേളനം ഈ മാസം ൬-ം ൭-ം തീയതികളിൽ അതിരമ്പുഴവച്ചു നടത്തുന്നതിനും, അതിനേത്തുടൎന്ന്, ൮-ാംനു- ചങ്ങനാശേരി രൂപതവകയായി ഒരു ദിവ്യകാരുണ്യ മഹാജനസഭ സമാരംഭിക്കുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിഞ്ഞു സന്തോഷിക്കുന്നു. കോൺഗ്രസ്സ് കേമമായിനടത്തുന്നതിലേക്ക് അതിരമ്പുഴ ഫൊറോനാപ്പള്ളിവികാരി കുളംകുത്തിയിൽ പെ. ബ. ദേവസ്യാച്ചൻ പ്രസിഡണ്ടായി രൂപവൽകരിക്കപ്പെട്ടിട്ടുള്ള സ്വീകരണസംഘത്തിൽനിന്നു ഊൎജ്ജിതമായ നടപടികൾ നടത്തിവരുന്നു. വിശാലമായ പന്തലുകളും അലങ്കാരവേലകളും ഏകദേശം പൂൎത്തിയായി കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾക്കു വന്നുചേരുന്നതിനുള്ള സൌകൎയ്യങ്ങൾ അതിരമ്പുഴെ സുലഭമാണെന്നു പറയേണ്ടതില്ലല്ലൊ. പൊതുക്കാൎയ്യങ്ങളിൽ മുന്നിട്ടുനിന്നു പ്രവൎത്തിക്കുന്നതിനു് പ്രസ്തുത ഇടവകക്കാൎക്കുള്ള സന്നദ്ധതയും സാമൎത്ഥ്യവും പണ്ടേ പ്രസിദ്ധമാണു്. നി. വ. ദിവ്യശ്രീ കാളാച്ചേരിൽ മാർ ജെയിംസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു കോൺഗ്രസ്സിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനും നി. വ. ദിവ്യശ്രീ ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ആദിയായ പ്രസിസിദ്ധ പ്രാസംഗികന്മാർ തദവസരത്തിൽ പ്രസംഗിക്കുന്നതിനും സമ്മതിച്ചിട്ടുള്ളതു തന്നെ കോൺഗ്രസ്സിന്റെ വിജയത്തിന്റെ മുന്നോടിയായ ലക്ഷ്യമാകുന്നു. ഇക്കൊല്ലത്തെ കോൺഗ്രസ്സിനു സകല വിജയങ്ങളും ആശംസിക്കയും, അതിരമ്പുഴ ഇടവകക്കാരേ പ്രത്യേകം അനുമോദിക്കയും ചെയ്തുകൊള്ളുന്നു.

# പാപികളുടെ സങ്കേതം.

## ഒരു വൈദികൻെറ ഡയറിയിൽനിന്ന്.

DHARMARAM COLLEGE LIBRARY BANGALORE. 15619

(റവ. ഫിലിപ്പ് കാനാട്ട്.)

൧൯൩൯-ാമാണ്ട് മാർച്ച മാസം ൧൦-ാംനു ഉച്ചതിരിഞ്ഞു. ഞാൻ ഒരു സ്ഥലത്തേക്കു പോകുന്നതിനു് ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ, അന്ത്യക്രൂദാശകൾ കൊടുക്കുന്നതിനായി ടെലഫൂൺവഴി എനിക്കു് ഒരടിയന്തിരസന്ദേശംകിട്ടി. പ്രോട്ടസ്റ്റാൻറുകാരിയായ ഒരു രോഗിണിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഒരു ഫ്റാൻസിസ്കൻ സഹോദരിയുടെ പക്കൽനിന്നായിരുന്നു ആ സന്ദേശം. രോഗബാധിതയായ ഒരു സ്ത്രീ കത്തോലിക്കാസഭയിൽ ചേൎന്നു അന്ത്യക്രൂദാശകൾ സ്വീകരിക്കുന്നതിനു് അത്യാശയോടെ പാൎത്തിരിക്കുന്നെന്നു് അറിയുകയാൽ ഞാൻ ഉടൻതന്നെ സ്ഥലത്തെത്തി. അവിടെ രണ്ടുസഹോദരികളും ഒരുകുട്ടിയും ഒരുവേലക്കാരിയും മാത്രമേ ഉണ്ടായിരുന്നുള്ളു. രോഗിയേകണ്ടു് അല്പം സംസാരിച്ചപ്പോൾ തന്നെ അവളുടെസുദൃഢമായ വിശ്വാസസ്ഥൈൎയ്യവുംപരി. കുർബാനസ്വീകരിക്കുന്നതിനുള്ള സീമാതീതമായ ആഗ്രഹവും എനിക്കു മനസ്സിലായി. കത്തോലിക്കാമതത്തെക്കുറിച്ചും പരി. കുർബാനയിലുള്ള യഥാൎത്ഥ ദിവ്യ സാന്നിധ്യത്തെകുറിച്ചും ഞാൻ ചിലചോദ്യങ്ങൾ ചെയ്തതിനെല്ലാം തൃപ്തികരമായ മറുപടി അവൾ നൽകി. മാമ്മോദീസാ, പരി. കുർബാനാ എന്നീദിവ്യ ക്രൂദാശകൾ സ്വീകരിക്കുന്നതിനു് വേണ്ടതായ ഒരുക്കങ്ങളെല്ലാം അവൾക്കുണ്ടായിരുന്നു. കത്തോലിക്കാതിരുസ്സഭയിൽ പ്രവേശിച്ചു് പരി. കുർബാനവഴിയായി ദിവ്യമണവാളനാകുന്ന മിശിഹായോടാലിംഗനം ചെയ്യുന്നതിനു് അവൾക്കുണ്ടായിരുന്ന അത്യാശ വൎണ്ണനാതീതമത്രെ. അതു് മാത്രമായിരുന്നു അവളുടെഏകാഗ്രഹം. ഞാൻ യഥാക്രമം അവൾക്കു ക്രൂദാശകൾ നൽകി. ദിവ്യകാരുണ്യസ്വീകരണാനന്തരം സുകൃതിനിയായ ആ സ്ത്രീരത്നത്തിൻെറ മുഖത്തു പ്രശോഭിച്ചുകൊണ്ടിരുന്ന ആനന്ദമാധുരി അത്ഭുതാവഹമായിരുന്നു.

ഈ വിസ്മയനീയ സംഭവത്തിൻെറ രഹസ്യത്തേക്കുറിച്ചു ഞാൻ മുൻപറഞ്ഞ സഹോദരിയോടു ചോദിച്ചപ്പോൾ അവൾ ഇപ്രകാരം പറഞ്ഞു: "അച്ചാ, ഇതു് ഒരാകസ്മിക സംഭവമല്ല. ദൈവകാരുണ്യത്താലും പരി. കന്യകയുടെ പ്രത്യേക മാദ്ധ്യസ്ഥത്താലും ഇതു് സംഭവിച്ചതാണെന്നുള്ളതിനു് യാതൊരു സന്ദേഹവുമില്ല. കഴിഞ്ഞ മേയ്മാസത്തിൽ രോഗാതുരയായ ഒരു സ്ത്രീ ചില താൽകാലിക ശുശ്രൂഷകൾ ചെയ്തുകൊടുക്കുന്നതിനായി ഞങ്ങളുടെ മഠത്തിൽനിന്നു് ഒരു സഹോദരിയെ ആവശ്യപ്പെട്ടു. അതിനു് ശ്രേഷ്ഠത്തിയമ്മ എന്നെയാണു് നിയമിച്ചയച്ചതു്. ഞാൻ ആഴ്ചയിൽ മൂന്നുനാലുപ്രാവശ്യം പോയി അവൾക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു. മതാത്മകങ്ങളിൽ അവൾക്കു വളരെ അഭിരുചിയുണ്ടായിരുന്നതിനാൽ ഞങ്ങളുടെ സംഭാഷണവിഷയം മിക്കപ്പോഴും ഭക്തിസംബന്ധകങ്ങളായവയായിരുന്നെങ്കിലും സ്വമതമായ പ്രോട്ടസ്റ്റാൻറുവിശ്വാസത്തെ ഉപേക്ഷിക്കുന്നതിനു് അവൾക്കു മനസ്സുണ്ടായിരുന്നില്ല. പരി. കുർബാനയെക്കുറിച്ചും ദൈവജനനിയെക്കുറിച്ചും പലസംഗതികൾ ഞാൻ അവളോടു പറഞ്ഞുകേൾപ്പിച്ചു 'നന്മനിറഞ്ഞമറിയം' എന്ന നമസ്കാരം ഞാൻ അവളെ പഠിപ്പിക്കുകയും, ഒരിക്കൽ അവൾക്കു ഒരു കാശുരൂപം സമ്മാനിക്കുകയും ചെയ്തു. ഒരു ദിവസം ഞാൻ അവളെ കാണുന്നതിനായി ചെന്നപ്പോൾ അവൾ വളരെ ചിന്താകുലയായിരിക്കുന്നതുകണ്ടു് സ്നേഹപൂൎവ്വം ഞാൻ ദുഃഖകാരണം ചോദിച്ചതിനു് ഉത്തരമായി തൊണ്ട ഇടറികൊണ്ടു,

"സഹോദരി, നിങ്ങൾ ദൈവജനനിയെക്കുറിച്ചു വിശ്വസിക്കുന്നതെല്ലാം എന്നെ പഠിപ്പിക്കുക" എന്നുമാത്രം പറഞ്ഞു. ഞാൻ അവൾക്കു പലപുസ്തകങ്ങളും മാസികകളും വായിക്കുന്നതിനായി കൊടുത്തു. പുസ്തകപാരായണത്തോടെ പ്രോട്ടസ്റ്റാൻറു വിശ്വാസത്തിൻെറ അബദ്ധങ്ങളെ ഏറക്കുറെ അവൾ മനസ്സിലാക്കിയെങ്കിലും ദുസ്സഹമായ മനോവ്യഥയ്ക്കു അവൾ അധീനയായിതീൎന്നു. ബന്ധുമിത്രാദികളിൽനിന്നുള്ള കഠിനശാസനകളും ഒട്ടും കുറവല്ലായിരുന്നു. ദൈവപ്രസാദ വരത്തിൻെറ ശക്തിഇനിയും അവളിൽ പ്രബലപ്പെട്ടില്ല. അവൾ അധികനേരം പ്രാൎത്ഥനയിൽ ചിലവഴിപ്പാൻ ആഗ്രഹിച്ചെങ്കിലും അവളുടെ ഹൃദയം വ്യസനത്താൽ വ്രണപ്പെട്ടിരുന്നതുകൊണ്ടു് അതു് അത്ര എളുപ്പമായിരുന്നില്ല. 'നന്മനിറഞ്ഞമറിയം, മാത്രം അവൾ ചൊല്ലികൊണ്ടുവന്നു. അതു് അവൾക്കു ഏററം ആശ്വാസദായകമായി തോന്നി. ആ അവസരങ്ങളിൽ മഠത്തിലെ സഹോദരികൾ അവളുടെ മാനസാന്തരത്തിനായി പ്രത്യേകം പ്രാൎത്ഥിച്ചിരുന്നു. അവളുടെ സുഖക്കേടുകൾക്കു യാതൊരാശ്വാസവും കാണായ്കയാൽ വളരെ അകലെയുള്ള ഒരു പ്രോട്ടസ്റ്റാൻറു ആസ്പത്രിയിൽ അവളെ കൊണ്ടുപോകുന്നതിനു്. നിശ്ചയിച്ചതായി കേട്ടപ്പോൾ ഞങ്ങൾക്കു വളരെ ഇച്ഛാഭംഗമുണ്ടായെങ്കിലും ദൈവജനനിയിൽ ശരണപ്പെട്ടുകൊണ്ടു പ്രതിദിനം ഞങ്ങൾ അവൾക്കുവേണ്ടിപ്രാൎത്ഥിച്ചുപോന്നു. പ്രസ്തുത ആസ്പത്രിയിൽ കൊണ്ടുപോയിട്ടും ശരീരാസ്വാസ്ഥ്യത്തിനു് യാതൊരു ശമനവുമുണ്ടായില്ല. തന്മൂലം അവളെ സ്വഗൃഹത്തിലേക്കു കൊണ്ടുപോന്നു. സ്വഭവനത്തിൽ എത്തിയ ഉടനെ അവൾ എനിക്കു് ആളയച്ചെങ്കിലും ഇവിടെ വന്നെത്തുന്നതിനു് ഇന്നുമാത്രമേഎനിക്കു സാധിച്ചുള്ളു. അത്യാസന്നമരണയായ അവൾ എന്നെ ഒരു സംഭവം പറഞ്ഞു കേൾപ്പിച്ചതു് ഇപ്രകാരമാണു്: "പ്രിയസഹോദരി, നിങ്ങൾ എന്നോടു പറഞ്ഞിട്ടുള്ളതെല്ലാം സത്യംതന്നെ. കത്തോലിക്കാസഭ പഠിപ്പിക്കുന്നതെല്ലാം ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. ആ സത്യങ്ങൾ ഞാൻഅറിഞ്ഞിട്ടു് ഏറെനാളായെങ്കിലും എൻെറ അഹങ്കാരംമൂലം ഇതുവരെഞാൻ അവയെ സ്വീകരിച്ചില്ല. എന്നാൽ കരുണനിറഞ്ഞ അമ്മയായ പ രി. മറിയത്തിൻെറ സഹായത്താൽ ഞാൻ ഇപ്പോൾ വിജയം നേടിയിരിക്കുന്നു. എനിക്കു ഒരുകാഴ്ചയുണ്ടായി. ഒരു ദിവസം രാവിലെ ൯മണിക്കു ഞാൻ കട്ടിലിൽ കിടക്കുകയായിരുന്നു. അപ്പോൾ എനിക്കുനല്ല ഓൎമ്മയുണ്ടായിരുന്നു. പെട്ടന്നു അതിസുന്ദരിയായ ഒരു തരുണി എൻെറ കട്ടിലിന്നരികിൽ നിന്നുകൊണ്ടു എന്നെസദയം വീക്ഷിക്കുന്നതായി ഞാൻ കണ്ടു. എൻെറ സംസാരശക്തി അശേഷം നഷ്ടപ്പെട്ടുപോയതുപോലെ എനിക്കുതോന്നി. ആ സ്ത്രീരത്നത്തിൻെറ കണ്ണുകൾ നക്ഷത്രങ്ങളെപോലെ പ്രശോഭിച്ചിരുന്നു. അവളുടെ സൌന്ദൎയ്യപ്രചുരിമ അവൎണ്ണനീയംതന്നെ. അവൾ ഏററം മാധുൎയ്യസ്വരത്തിൽ എന്നോടു, "ഞാൻ കന്യകമറിയമാകുന്നു. ഞാൻ ദൈവ ജനനിയാകുന്നു" എന്നു പറഞ്ഞവസാനിപ്പിച്ചു. "അമ്മേ, അമ്മേ, ഞാൻനിൻെറതാകുവാൻ ആഗ്രഹിക്കുന്നു" എന്നു് ഞാൻ നിലവിളിച്ചു. എന്നാൽ ഉത്തരക്ഷണത്തിൽ അവൾഅപ്രത്യക്ഷയായി കഴിഞ്ഞു. അവൾ വാതിൽകടന്നുവരുന്നതോ പോകുന്നതോ ഞാൻകണ്ടില്ല." ഇങ്ങനെ ആ കാഴ്ചയേക്കുറിച്ചു പറഞ്ഞശേഷം ദിവ്യകൂദാശകൾ കൈക്കൊള്ളുന്നതിനു് ഒരു കത്തോലിക്കാവൈദികനെ ഉടനെ വരുത്തുന്നതിനായി അവൾ എന്നോടപേക്ഷിച്ചു. അവളുടെ അപേക്ഷപ്രകാരമാണു് ഞാൻ അച്ചനെ അറിയിച്ചതു്. ഇതാണു് അച്ചൻ ഇപ്പോൾ കണ്ടസ്ത്രീയുടെ ചരിത്രം. അവൾ ചൊല്ലിയിരുന്ന "നന്മനിറഞ്ഞ മറിയം" നിഷ്ഫലമായില്ല. ദൈവജനനി ഞങ്ങളുടെ അപേക്ഷയും നിരാകരിച്ചില്ല," എന്നു്പറഞ്ഞു സഹോദരി സംഭാഷണം അവസാനിപ്പിച്ചു. ദൈവത്തിനു് സ്തോത്രം പറഞ്ഞശേഷം ഞാൻ പള്ളിയിലേക്കുതിരിച്ചുപോന്നു.

# കണ്ണുനീർത്തുള്ളികളുടെ വില.

(വെറി റവ. ഫാദർ സിറിയക്ക് ടി. ഒ. സി. ഡി.)

ഒക്ടോബർമാസത്തിൽ ഒരു ദിവസം രാത്രിയിൽ രണ്ടു വഴിയാത്രക്കാർ, ഫ്രാൻസു രാജ്യത്തിലെ മലംപ്രദേശങ്ങളിലുള്ള ഒരു റോട്ടിൽക്കൂടി പ്രയാണംചെയ്യുന്നതിനിടയായി. ക്രൂരിരിട്ടും കൊടുംകാററും മഴയുംനിമിത്തം അവർ വളരെ വിഷമിച്ചു. യാത്ര പിന്തുടരുന്നതിനു നിവൃത്തിയില്ലാതായി. ഈ ദുർഘടാവസ്ഥയിൽ വഴിയുടെ ഒരു ഭാഗത്തായി അവർ ഒരു പടിവാതിൽ കണ്ടു. ആ യാത്രക്കാരിൽ മൂത്തയാൾ കൂട്ടനോട് "സഹോദരാ, നമുക്കിനി മുന്നോട്ട് ഒരടിപോലും വയ്ക്കുന്നതിനു നിവൃത്തിയില്ല. ആരായാലും വേണ്ടതില്ല, ഈ രാത്രി നമുക്ക് ഇവിടെ താമസിക്കാൻ നോക്കാം" എന്നു പറഞ്ഞു. കൂട്ടുകാരനും സമ്മതിച്ചു. അവർ പടിവാതിൽ കടന്ന് വീട്ടിനു സമീപിച്ചപ്പോൾ ഇതാ ഉച്ചത്തിൽ കുരച്ചുകൊണ്ടു വളരെ നായ്ക്കളും അവയുടെ പിന്നിലായിവൃദ്ധനായഒരുവേലക്കാരനും വന്നു. അവനോട് ഈ രാത്രിയിൽ ഞങ്ങൾ ഇവിടെ താമസിച്ചുകൊള്ളട്ടെ എന്നു ചോദിക്കയിൽ, സംശയസ്ഥാനത്തിൽ ദുഃഖഭാവത്തോടെ തല കുലുക്കിയതേയുള്ളു. "എന്തുത്തരിക്കണമെന്നിനിക്കറിഞ്ഞുകൂടാ. എന്റെ യജമാനനു പരദേശികളോടത്ര ഇഷ്ടമില്ല. അദ്ദേഹം ഇല്ലാത്ത സമയത്തും ഞങ്ങൾ നിങ്ങളെ സ്വീകരിക്കുന്നതിനു തുനിയുന്നതായാൽ, എന്തൊക്കെ അദ്ദേഹം നിങ്ങളോടു കാട്ടിക്കൂട്ടുമെന്നറിഞ്ഞുകൂടാ" എന്നു പറഞ്ഞു.

ഇതുകേട്ട് ആ പ്രയാണികൾ ഭഗ്നാശരായിത്തീർന്നു. എന്നാൽ ഈ സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്ന ദയാശീലയായ ഒരു യുവതി തൽക്ഷണം മുന്നോട്ടുവന്ന് "ഹേ! ഡെർമോട്ടെ! മിണ്ടാതിരിക്ക്. നിന്റെ യജമാനനെക്കുറിച്ച് ഇങ്ങനെ ദൂഷ്യമായി സംസാരിക്കരുത്. ഈ രാത്രിയിൽ ആരായിരുന്നാലും താമസിക്കുന്നതിനു അദ്ദേഹത്തിനു വിരോധമുണ്ടാകയില്ല" എന്നു പറഞ്ഞശേഷം പരദേശികളുടെനേർക്കു തിരിഞ്ഞ്, "വരുവിൻ, ഞങ്ങളാൽ പാടുള്ള സൽക്കാരമെല്ലാം നിങ്ങൾക്കു ചെയ്യാം" എന്നുറപ്പുപറഞ്ഞ് തീകത്തിച്ചിരുന്ന ഒരു മുറിയിലേക്കു അവരെ കൂട്ടിക്കൊണ്ടുപോയി. ശീതവും ക്ഷീണവുംകൊണ്ടു തളർന്നിരുന്ന ആ യാത്രക്കാർ തീ കാഞ്ഞ് ഒരുവിധം സുഖം പ്രാപിച്ചു. നനഞ്ഞ് വെള്ളം തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്ന അവരുടെ പുറങ്കുപ്പായങ്ങളും തൊപ്പിയും മാററി. അപ്പോൾ അവരുടെ തലയിലെ പട്ടം കണ്ടതിനോടെ മാത്രമെ അവർസന്യാസികളാണെന്നു വീട്ടുകാർക്ക് മനസ്സിലായുള്ളു.

ഗൃഹനായികയും ഭൃത്യനും വല്ലാതെ പരിഭ്രമിച്ചു. സാധ്വസ്ത്രീ വന്ദ്യവൈദികന്റെ കാൽക്കൽ സാഷ്ടാംഗനമസ്കാരംചെയ്തു പറഞ്ഞതായതു്: ആ! എന്റെ അച്ചാ! നിങ്ങൾ വൈദീകരാണെന്നുള്ളതു ഇപ്പോഴാണ് മനസ്സിലായതു്. എന്റെ ഭർത്താവു് വൈദികരെ ദ്വേഷിക്കുന്നു. ഇപ്പോൾ അദ്ദേഹം വരുന്നതായാൽ അദ്ദേഹത്തിന്റെ കോപത്തിൽനിന്നു നിങ്ങളെ എങ്ങിനെ രക്ഷിക്കുമെന്നു എനിക്കറിഞ്ഞുകൂടാ. യുവതിയുടെയും വൃദ്ധന്റെയും സംഭ്രമങ്ങൾ കണ്ടിട്ട് ക്രൂരിരുട്ടും പെരുവും മഴയും കൂട്ടാക്കാതെ യാത്രക്കാർ തൽക്ഷണം അവിടെനിന്നു് പുറപ്പെടുന്നതിനു് തയാറായി. എന്നാൽ എന്തൊക്കെ പറഞ്ഞിട്ടും ആ യുവതി അതിനു സമ്മതിച്ചില്ല. വീട്ടിനു സമീപെയുള്ള ഒരു കളപ്പുരയിൽ അവരെ താമസിപ്പിക്കാമെന്നും ഭർത്താവിനെ ഏതുവിധവും പറഞ്ഞു സമ്മതിപ്പിച്ചുകൊള്ളാമെന്നും അവൾ തീർച്ചപ്പെടുത്തി. ഇതിനിടയിൽ അവളുടെ ഭർത്താവു ഒരു കത്തോലിക്കനാണെന്നും, എന്നാൽ ബാല്യപ്രായം മുതൽക്കെ

ദുർമാർഗ്ഗജീവിതം നയിക്കുന്നുവെന്നും, വൈദികരെ കണ്ടുകൂടെന്നും, മതത്തോടും മതസംബന്ധമായതുകളോടും പൈശാചികമായ ഒരു പകയാണ് അദ്ദേഹത്തിനുള്ളതെന്നും അവർ ഗ്രഹിച്ചു. ഭാർയ്യയോ എന്നാൽ സുശീലയും ദൈവഭക്തിയുള്ളവളും ഭർത്താവിൻെറ മാനസാന്തരത്തിനുവേണ്ടി കരഞ്ഞുകൊണ്ടു ഇടവിടാതെ ദൈവാനുഗ്രഹത്തെ യാചിക്കുന്നവളുമാണെന്ന് മനസ്സിലാക്കി.

യാത്രക്കാർ കളപ്പുരമുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോഴേക്കും പുറത്തെ വാതിൽ പെട്ടെന്നു തുറക്കപ്പെട്ടു. യജമാനൻ ആഗതനായി. സംഗതികൾ ഗ്രഹിച്ചതിനോടെ അയ്യാൾ വൈദികരെ തൽക്ഷണം പുറത്താക്കണം എന്ന് കോപാക്രാന്തനായി നിലവിളിക്കയാണ് ചെയ്യതു്. ഭാർയ്യ കരഞ്ഞുകൊണ്ടു പ്രാർത്ഥിച്ചു. എന്നിട്ടും സാധിച്ചില്ല. ദൈവദൂഷണങ്ങൾ കണക്കില്ലാതെ വർഷിച്ചുതുടങ്ങി.

വൈദികർ പൂർണ്ണസമാധാനത്തോടും ശാന്തതയോടും ക്രൂരിരുട്ടും കാററും മഴയും വകവയ്ക്കാതെ വീട്ടിൽ നിന്നു പുറത്തിറങ്ങുകയിൽ അവരിൽ വയോധികനായ ദേഹം വാതുക്കൽനിന്നു കുടുംബപ്രമാണിയെ നോക്കി ഗൌരവഭാവത്തിൽ, "നിൻെറ ദൂഷണവാക്കുകളെ നിർത്തുക. ദൈവം എല്ലായ്പോഴും ക്ഷമിക്കയില്ലെന്നോർത്തുകൊൾക. സമയമുള്ളപ്പോൾ ദൈവാനുഗ്രഹത്തെ തേടിക്കൊള്ളുക." എന്നുപദേശിച്ചിട്ടു പുറത്തിറങ്ങി.

പെട്ടന്നു ഒരു മാററം അവിടെ സംഭവിച്ചു. "പോകല്ലെ അച്ചന്മാരെ, പോകല്ലെ. എന്നോടുക്ഷമിക്കണമെ". എന്നവൻ നിലവിളിച്ചു. ഇതുകണ്ടു കൃതജ്ഞതാപരവശരായ ആ വൈദികർ തിരിയെ വീട്ടിൽ കയറിയ ഉടൻ ആ യുവാവു ഉച്ചത്തിൽ കരഞ്ഞ് മുട്ടുകുത്തി "ദൈവമെ! എൻെറമേൽ കരുണയായിരിക്കണമെ." എന്നു പ്രാർത്ഥിച്ചുകൊണ്ട്, തൽക്ഷണം, കഴിഞ്ഞ അവൻെറ ജീവിതത്തിലെ പാപങ്ങളെ എല്ലാം ഏവക്കും വിസ്മയം ജനിക്കത്തക്ക വിധത്തിൽ പരസ്യമായി ഏററു പറഞ്ഞു. മനസ്താപവും കരച്ചിലും നിലത്തു കിടന്നിരുന്ന വസ്ത്രോലിന്മേൽ കൂടെയും കണ്ണുനീർ തുള്ളികൾ വീഴത്തക്കവണ്ണം അത്ര വലുതായിരുന്നു. യാത്രക്കാർ അവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടുകയും ചെയ്തു. അന്നു രാത്രി അവരിൽ ഒരാൾക്കു ഒരു കാഴ്ചയുണ്ടായി. ദൈവസിംഹാസനത്തിൻമുമ്പാകെ താൻ നിൽക്കുന്നതായും ഒരു തുലാസ് അവിടെ തൂക്കി ഇട്ടിരിക്കുന്നതായും ന്യായവിധിക്കായി ഒരാത്മാവു അവിടെ കൊണ്ടുവരപ്പെട്ടിരിക്കുന്നതായും കണ്ടു. ഇതിനും പുറമെ ആ ആത്മാവിൻെറ ഒരു വശത്തു ഒരു മാലാഖായെയും, മറെറാരു വശത്തു ഒരു പിശാചിനെയും കണ്ടു. ആ പിശാചു തുലാസിൻെറ ഒരു തട്ടിൽ, ആ ആത്മാവു ജീവിതകാലത്തിൽ ചെയ്തിട്ടുള്ള കഠിനമായ അനേക കുററങ്ങളെ വച്ചു. മറെറ തട്ടിൽ വയ്ക്കുന്നതിനു മാലാഖായ്ക്കു ഒന്നുംതന്നെ ഇല്ലായിരുന്നു. വൈദികൻ സംഭ്രമത്തോടെ ഉററു സൂക്ഷിച്ചുനോക്കി. ആ ആത്മാവു നിശ്ചയമായി ശിക്ഷപെട്ടുപോയിഎന്നുവിചാരിച്ചുകൊണ്ടിരിക്കയിൽ, ഇതാ, അത്ഭുതമെ! അതിൻെറ കാവൽദൂതൻ വജ്റങ്ങൾപോലെ പ്രകാശിക്കുന്ന കണ്ണുനീർ തുള്ളികളുള്ള കുറെ വസ്ത്രോൽ പൊങ്ങിനിൽക്കുന്ന തുലാസിൻെറ തട്ടിൽ വച്ചു. പെട്ടെന്നു തുലാസിൻതട്ടു നിലംപതിച്ചു. ഇങ്ങനെ ആ ആത്മാവു രക്ഷപെട്ടു എന്നായിരുന്നു ആ ദർശനം.

യാത്രക്കാർ രാവിലെ എഴുന്നേററപ്പോൾ ദർശനത്തിൻെറ യാഥാർത്ഥ്യം മനസ്സിലായി. ഗൃഹനായകൻ അന്നു രാത്രിതന്നെ മരിച്ചുപോയി. മനസ്താപജന്യമായ അദ്ദേഹത്തിൻെറ കണ്ണുനീർതുള്ളികളുടെ വില വൈദികർ കുടുംബനായികയേയും മററും പറഞ്ഞുകേൾപ്പിക്കയും, അതു അവൾക്കു അത്യന്തം ആശ്വാസത്തിനു കാരണമാകയും ചെയ്തു. "ഏതൊരു മനുഷ്യനും മനസ്സുണ്ടെങ്കിൽ തൽക്ഷണം ദൈവസ്നേഹിതനാകാം." എന്നുള്ള വി. അഗസ്റ്റീനോസിൻെറ വാക്യം എത്രയൊ വാസ്തവം.

# സിഞ്ഞോർ മുസ്സോലിനിയുടെ കുടുംബ ജീവിതം.

(ശ്രീമാൻ കെ. സി. വക്കി. ബി. ഏ. എൽ. ററി.)

"ആധുനിക ലോകത്തിലെ ഏററവും ഏകാകിയായ ഭാൎയ്യയും സോൽകണ്ഠയായ മാതാവും" എന്നാണു് ഇററലിയിലെ പ്രധാനമന്ത്രിയായ മുസ്സോലീനിയുടെ പത്നിയായ ഡോനാ റെച്ചീലിയെപ്പററി ഒരാൾ വൎണ്ണിച്ചിരിക്കുന്നതു്. "ഒരു സ്ത്രീയുടെ യഥാൎത്ഥരംഗം അവളുടെ വീടാകുന്നു" എന്നുള്ള സ്വഭൎത്താവിൻെറ അഭിമതത്തെ അവൾ സശിരഃകമ്പം അനുസരിച്ചുവൎത്തിയ്ക്കുന്നു. മുസ്സോലീനിയുടെ ബഹുലമായ ഔദ്യോഗിക കൃത്യങ്ങളുടെ ഭാരം നിമിത്തം അദ്ദേഹത്തിനു സ്വകുടുംബത്തെ സന്ദൎശിക്കുന്നതിനു പോലുമുള്ള അവസരങ്ങൾ വളരെ ദുൎല്ലഭമാണു്. ഇക്കാരണത്താലാകുന്നു ഡോനാറെച്ചീലി ഏകാകിനിയായിരിക്കുന്നതു്. ഭൎത്താവിൻെറ ശരീരാസ്വാസ്ഥ്യം ആ സാധ്വിയെ അകുലയാക്കുകയും ചെയ്യുന്നു.



സിഞ്ഞോർ മുസ്സോലീനി.

ഡോനാ റെച്ചീലി അവളുടെ സൎവ്വശ്രദ്ധയും ഭൎത്തൃശാസനം അനുസരിച്ചു് അരുമ സന്താനങ്ങളുടെ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുന്നു. മൂത്ത സന്താനമായ പതിനെട്ടുവയസ്സുള്ള "എഡ്ഡാ" സുന്ദരിയായ ഒരു തരുണീരത്നമാകുന്നു. പന്ത്രണ്ടു വയസ്സായ "വിറേറാറിയോ" എന്ന സുഭഗനായ യുവാവും, ഒൻപതുവയസ്സുള്ള "ബ്രൂണോ" എന്ന ബുദ്ധിമാനായ ബാലനുമാണു് അടുത്ത സന്താനങ്ങൾ. ഇവരെക്കൂടാതെ ഒരാൺകുട്ടിയും മുസ്സോലീനിക്കു കുറേനാൾമുമ്പു് സംജാതനായിട്ടുണ്ടു്.

അമ്മയും കുഞ്ഞുങ്ങളും പൊതുക്കാൎയ്യവ്യവഹാരങ്ങളിലൊന്നിലും ഉൾപ്പെടാതെ, റോമായുടെ അതിൎത്തിയിലുള്ള അവരുടെ വീട്ടിൽ ശാന്തമായ ജീവിതം കഴിക്കുന്നു. ഒരിക്കലും ഒരു കാരണവശാലും അവർ സ്വപിതാവിനെ അദ്ദേഹത്തിൻെറ ഔദ്യോഗികസ്ഥലമായ "ചിഗിപാലസിൽ" ചെന്നുസന്ദൎശിക്കുകയില്ല. എന്നാൽ ദിനംപ്രതി അവൎക്കു ഒരു വലിയ ആനന്ദസന്ദർഭമുണ്ടു്. സൂൎയ്യൻ അസ്തമിക്കാൻപോകുന്ന ആ വിനാഴികകളടുക്കുമ്പോൾഇതാ ദൂരശബ്ദിനിഅടിക്കുന്നു. വാത്സല്യഭാജനമായ പിതാവു ഒന്നാമതായി അമ്മയെ വിളിക്കുന്നു; പിന്നീടു അനുക്രമമായിതൻെറ പ്രിയപുത്രിയേയും പുത്രന്മാരേയും വിളിക്കുന്നു. മിക്കപ്പോഴും പിതൃസാന്നിദ്ധ്യമില്ലാതിരിക്കുന്ന ഈകുടുംബം പ്രസ്തുതസായാഹ്നസംഭാഷണംകൊണ്ടു് ആനന്ദ തുന്ദിലമാകുന്നു. മുസ്സോലീനിക്കു അതു പരിപാവനവും ആഹ്ലാദപ്രദവുമായ ഒരു കൃത്യമാണു്.

ക്രിസ്സ്മസ് അവസരത്തിലും വേനൽക്കാലത്തു ഒന്നോരണ്ടോ തവണകളിലുമാണു് മുസ്സോലീനിൎയതൻെറ പ്രിയതമയ്ക്കും കുഞ്ഞുങ്ങൾക്കും ഏതാനും ദിവസംഅടുപ്പിച്ചുകണ്ടു് നയനസാഫല്യം ലഭിക്കുവാൻ ഭാഗ്യമുണ്ടാകുന്നതു്. തദവസരത്തിൽ മുസ്സോലീനി പുത്ര കളത്രാദികളോടുകൂടി ജനനിബിഡമല്ലാത്ത വിശ്രമ പ്രദേശങ്ങളിൽ സസന്തോഷം താമസമുറപ്പിക്കുന്നു. ഒരുമതിന്നു സ്ക്കൂൾ കുട്ടിയെപ്പോലെ അദ്ദേഹം തൻെറ കുഞ്ഞുങ്ങളോടുകൂടി കളിക്കുന്നു. പ്രിയ പത്നിയുമായി സുദീർഘസംഭാഷണം നടത്തുന്നു. ഇപ്രകാരമുള്ളസംഭാഷണാവസരങ്ങളിൽ ഡോനാ റെച്ചീലി ഇററലിയിലെ സകല സ്ത്രീകളെക്കാളും ഭാഗ്യസമ്പന്നയായി കാണപ്പെടുന്നു.മുസ്സോലീനി ഭാൎയ്യയുമായിസംഭാഷിക്കുന്നതുആധുനികരാഷ്ട്രിയകാൎയ്യങ്ങളെപ്പററിയോ ഇററലിയുടെ ഭാവിയേപ്പററിയോ അല്ല, പ്രത്യുത, കുടുംബസംബന്ധമായ സാധാരണ കാൎയ്യങ്ങളെക്കുറിച്ചും മക്കളെ വളൎത്തുന്ന സംഗതിയെ സംബന്ധിച്ചും ആകുന്നു. കടൽത്തീരത്തുള്ള ഓസ്റ്റിയാ എന്ന രമണീയസ്ഥലത്താണു് മുസ്സോലീനിയും കുടുംബവും വിശ്രമകാലങ്ങളിൽ മിക്കപ്പോഴും താമസിക്കുന്നതു്. അപ്പോൾ അവരുടെ വദനങ്ങളിൽ കളിയാടിക്കൊണ്ടിരിക്കുന്ന സന്തോഷാധിക്യത്തെപ്പററി ആ ഗ്രാമക്കാർ പറയാറുണ്ടു്.

മുസ്സോലീനി ദാരിദ്ര്യദുഃഖമനുഭവിച്ചു അലഞ്ഞുനടന്നിരുന്ന നാളുകളിലും അദ്ദേഹത്തിൻെറ സഹവൎത്തിനിയായിരുന്നവളാണു് ദോനാറെച്ചീലി. ഈ പതിവ്രതാരത്നത്തിൻെറ ഭർത്തൃഭക്തിയും ഗൃഹഭരണ ചാതുൎയ്യവും ലോക പ്രസിദ്ധമായിത്തീൎന്നിട്ടുണ്ടു്.

# നന്മനിറഞ്ഞ മറിയം.

ദൈവജനനിയുടെ പ്രസിദ്ധഭക്തനായ വാഴ്ത്തപ്പെട്ട ഗ്രിഞ്ഞോൺമോണ്ട്ഫർട്ടു് എന്ന ദേഹം ഈ ജപത്തെപ്പററി (A treatise on true devotion to the B. Virgin: Pages 178–181) പറഞ്ഞിട്ടുള്ളതിൻെറ ഒരു പ്രധാനഭാഗമാണു് താഴേ ചേർക്കുന്നതു്.

"എത്ര ജ്ഞാനമുള്ള ക്രിസ്ത്യാനികളായാലും 'നന്മനിറഞ്ഞമറിയം' എന്ന നമസ്കാരത്തിൻെറ വാസ്തവത്തിലുള്ള വിലയും, യോഗ്യതയും, മഹിമയും, ആവശ്യവും അറിഞ്ഞിട്ടുള്ളവർ വളരെ ചുരുക്കമേയുള്ളു. അതിനാൽ പരിശുദ്ധകന്യകതന്നെ വിജ്ഞന്മാരും ശ്രേഷ്ഠന്മാരുമായ പുണ്യവാന്മാൎക്കു് ഇതിൻെറ മാഹാത്മ്യത്തെ വെളിപ്പെടുത്തിക്കൊടുക്കുവാൻ പലപ്പോഴും പ്രത്യക്ഷയാകേണ്ടിവന്നു. വിശുദ്ധ ഡോമിനിക്കിനും, വിശുദ്ധ

ജോൺകപ്രീസ്റ്റാനിനും, വാഴ്ത്തപ്പെട്ട അലാൻ ദേലാറോക്കേയ്ക്കും താൻ ഇപ്രകാരം വെളിപ്പെടുത്തി. ആത്മാക്കളുടെ മാനസാന്തരത്തിന് ആ പ്രാർത്ഥനയ്ക്കുള്ള ശക്തിയേയും, അതിശയങ്ങളേയും കാണിക്കുന്നതിനായി അവർ പലവലിയ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. 'നന്മനിറഞ്ഞമറിയ'ത്തോടുകൂടി മനുഷ്യവീണ്ടെടുപ്പ് ആരംഭിച്ചതുമൂലം നമ്മുടെ ഓരോരുത്തരുടേയും രക്ഷയും ആ പ്രാർത്ഥനയോടു ഘടിപ്പിച്ചിരിക്കുന്നു എന്ന് ഈ വിശുദ്ധന്മാർ ശക്തിയായി പ്രസിദ്ധംചെയ്കയും പരസ്യമായി പ്രസംഗിക്കയുംചെയ്തിരിക്കുന്നു. ഈ പ്രാർത്ഥനയാണ് ഉണങ്ങി ശൂന്യമായ ഭൂമി ജീവന്റെ ഫലം പുറപ്പെടുവിക്കാൻ ഇടയാക്കിയതെന്നും, നന്നായിചൊല്ലുന്ന ഈ പ്രാർത്ഥനതന്നെയാണ് 'ദൈവവചനം' നമ്മുടെ ആത്മാവിൽ മുളയ്ക്കുവാനും, ജീവന്റെ കനിയായ മിശിഹായെ ജനിപ്പിക്കുവാനും കാരണമാകുന്നതെന്നും അവർ പറഞ്ഞിട്ടുണ്ട്. തക്കകാലത്തിൽ അതിന്റെ ഫലം പുറപ്പെടുവിപ്പാൻ ആത്മാവാകുന്ന ഭൂമിയെ നനയ്ക്കുവാനുള്ള സ്വർഗ്ഗീയ മഞ്ഞാണ് 'നന്മനിറഞ്ഞമറിയം' എന്നും, ഈ പ്രാർത്ഥനയാൽ നനയ്ക്കപ്പെടാത്ത ആത്മാവ് യാതൊരു ഫലവും കായ്ക്കാതെ മുള്ളുകളും, മുൾച്ചെടികളും മാത്രമേ പുറപ്പെടുവിക്കയുള്ളു എന്നും, അതു് ശപിക്കപ്പെടുവാൻ തയ്യാറായിരിക്കുന്നതാണെന്നും അവർപറയുന്നു........ഇടത്തൂട്ടുകാർ ഇനിയും ആകാശങ്ങളിലിരിക്കുന്ന ജപം പഠിച്ചുചൊല്ലുന്നുണ്ട്. എന്നാൽ നന്മനിറഞ്ഞമറിയമോ കൊന്തയോ അവർ ജപിക്കയില്ല. അതു് അവർക്കു വലിയ അസഹ്യമത്രേ. കൊന്തയെ ധരിക്കുന്നതിനേക്കാൾ ഒരു പാമ്പിനെ വേണമെങ്കിൽ അവർ ധരിച്ചുകൊള്ളും....... നേരേമറിച്ച് നിത്യഭാഗ്യത്തിനു നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിന് മററു പല വലിയ തെളിവുകൾ കാണിക്കുന്നവർ 'നന്മനിറഞ്ഞമറിയത്തെ' സ്നേഹിക്കയും ആസ്വദിക്കയും അതുചൊല്ലുന്നതിൽ സന്തോഷിക്കയും ചെയ്യുന്നു എന്നുള്ളതു് ഇപ്രകാരം തന്നെ സാർവ്വത്രികമായ ഒരു അനുഭവമത്രേ. ഒരുവൻ എത്രയധികം ദൈവത്തിനായിട്ടുള്ളവനാണോ അത്രയധികം അവൻ ഇതിനെ ഇഷ്ടപ്പെടുന്നതായിട്ടാണ് നാം സദാകണ്ടുവരുന്നതു്. ഇതുതന്നെയാണ് ദൈവജനനിയും വാഴ്ത്തപ്പെട്ട ആലാനിനോടു പറഞ്ഞിട്ടുള്ളതും. ഇതു് എങ്ങിനെയാണെന്നും എന്തുകൊണ്ടാണെന്നും എനിക്കറിഞ്ഞുകൂടാ; എങ്കിലും ഇതു പരമാർത്ഥമാണെന്ന് എനിക്കു നല്ല ബോദ്ധ്യമുണ്ടു. ഒരുവൻ ദൈവത്തിനുള്ളവനാണോ എന്നു പരിശോധിക്കുന്നതിന് അവൻ 'നന്മനിറഞ്ഞ മറിയ'വും കൊന്തനമസ്കാരവും ചൊല്ലുവാൻ ഇഷ്ടപ്പെടുന്നവനാണോ എന്നു നോക്കുന്നതിനേക്കാൾ വലുതായ ഒരു രഹസ്യം എനിക്കില്ലതാനും ......... മറിയത്തിന്റെ ഹൃദയത്തെ സ്വാധീനപ്പെടുത്തുവാൻ അത്യുന്നതനായ ദൈവം ഒരു മുഖ്യദൂതൻ വഴിയായി അയച്ച സ്തുതിവാക്യം ഇതാകയാൽ നിനക്കും മറിയത്തിനു കൊടുക്കാവുന്നതിൽ ഏററവും പരിപൂർണ്ണമായ അഭിനന്ദനവും ഇതുതന്നെയാണ്. തന്നിൽ അഗാധമായ എളിമയുണ്ടായിരുന്നിട്ടും നിത്യവചനത്തിന്റെ മനുഷ്യാവതാരത്തിനു സമ്മതിക്കത്തക്കവണ്ണം അതിലുള്ള പൂർണ്ണമായിരിക്കുന്ന ശ്രദ്ധ ആകർഷണങ്ങൾ മൂലം അതു് അവളുടെ ഹൃദയത്തെ അത്രയ്ക്കു വശപ്പെടുത്തി. വേണ്ടപോലെ ചൊല്ലിയാൽ നിനക്കും തന്റെ ഹൃദയം എപ്പോഴും നിശ്ചയമായി ആകർഷിപ്പാൻ കഴിയുന്ന സ്തുതിവാക്യവും ഇതുതന്നെയാകുന്നു.

'നന്മനിറഞ്ഞമറിയം'നല്ലപോലെ അതായതു് - ശ്രദ്ധയോടും, ഭക്തിയോടും വിനയത്തോടുംകൂടി - ചൊല്ലുന്നെങ്കിൽ അതു പുണ്യവാന്മാരുടെ അഭിപ്രായത്തിൽ പിശാചിനെ ഓടിക്കുന്ന ശത്രുവും അവനെ തകർക്കുന്ന ചുററികയും ആകുന്നു. ഇതു് ആത്മാവിന്റെ ശുദ്ധീകരണവും, മാലാഖാമാരുടെ ആനന്ദവും, നിത്യഭാഗ്യത്തിനു ദൈവം തിരിഞ്ഞെടുത്തിരിക്കുന്നവരുടെ പാട്ടും, പുതിയനിയമത്തിന്റെ കീർത്തനവും, മറിയത്തിന്റെ ആഹ്ളാദവും പരിശുദ്ധ ത്രീത്വത്തിന്റെ മഹത്വവും ആകുന്നു. 'നന്മനിറഞ്ഞമറിയം' ആത്മാവിനെ ഫലഭൂയി

ഷ്ടമാകുന്ന സ്വൎഗ്ഗീയമന്നാണ്. അതു് നാം മറിയത്തിനുകൊടുക്കുന്ന പരിശുദ്ധവും സ്നേഹപൂൎണ്ണവുമായ ഒരു ചുംബനമത്രേ. ഇതു് നാം തനിക്കു ദാനംചെയ്യുന്ന ഒരു രുധിരറോസപുഷ്പവും, തനിക്കു നാം സമൎപ്പിക്കുന്ന ഒരു വിലയേറിയ മുത്തും, തനിക്കു നമ്മൾ നീട്ടിക്കൊടുക്കുന്ന ദിവ്യാമൃതം നിറഞ്ഞ ഒരു പാനപാത്രവും ആകുന്നു. ഇങ്ങിനെയെല്ലാമാണ് പുണ്യവാന്മാർ ഇതിനെ ഉപമിച്ചിരിക്കുന്നതു്."

# മേരീസ്തവദശകം.

(ശ്രീമാൻ എ. ഡാനിയേൽ, കണിയാങ്കട.)

താരാളിമിന്നുമണിമൗലിയണിഞ്ഞുകോടി-
സൂരാളിതന്നൊളിയെഴുന്നുടയാടചൂടി
താരാപനിൽപ്പദയുഗത്തളിരൂന്നിവിഷ്ടു-
പാരാദ്ധ്യയായ് വിലസുമംബികയേതൊഴു
(ന്നേൻ. ൧

ധന്യാംഗിയാംമറിയമേ! വരദേ!! സദാനീ
കന്യാ,വധൂ,ജനനി എന്ന പദത്രയത്തിൽ
അന്യാദൃശതപനിലപൂണ്ടൊരുസൽപദശ്രീ-
വിന്യാസവിസ്മയമഹസ്സിനു കൈതൊഴുന്നേ
(ൻ, ൨

അന്തൎമ്മുദാകുമുദിനീപതിതന്റെവെള്ള
സ്സന്ധിക്കുകൊണ്ടുമുകുളീകരമായ് നിതാന്തം
ചെന്താർക്കുടംപടിവിളങ്ങിന നിമ്പദത്തി-
ലെന്താപഹൎത്രിയിവനമ്പൊടുകുമ്പിടുന്നേൻ.
൩

മായപ്പകിട്ടിലടിപെട്ടലയുംതമോഗ്ര
കായപ്രമത്തരവിടത്തെമറന്നുവാഴ്വൂ!
തോയത്തിലമ്പിളികണക്കുവിളങ്ങുമങ്ങെൻ-
കാഹന്തലോടിയഴകിൽകുളൂർമപ്പെടുത്തു. ൪

അജ്ഞാനമേഘ,രതിമിരം പിടിപെട്ടകണ്ണിൽ
വിജ്ഞാനവീക്ഷണവിശേഷമഹോ! മറഞ്ഞു
സുജ്ഞാനരൂപിണി! യനശ്വരസല്പദശ്രീ-
വിജ്ഞാപനത്തിനടിയൻകഴൽകൈതൊഴു
(ന്നേൻ. ൫

ഹാ! പാവകങ്കൽ ശലഭപ്പടിവീണു പാപ-
മാംപാരമാഴമെഴുമാഴിയിലേഴയാം ഞാൻ
ഹേ! പാപഹൎത്രിയഴൽതീൎത്തുതുണയ്ക്കുകെന്നെ!
നീ പാപികൾക്കുഭയമേകുമുദാരയല്ലോ. ൬

അന്നീശനേകിയൊരുശാപമതിന്നുശാന്തി-
വന്നീടുവാനഹി-ഖലൻ-ബതനിന്നിമേഷം
കുന്നിച്ചതാപഭരമോടഭയാൎത്ഥിയായി-
ട്ടിന്നിൻകഴല്ക്കടിയിലിന്നുമിതാകിടപ്പൂ! ൭

ഹാ! വൻകൊതിക്കുവശയായതിനാൽകളങ്ക-
യായ്പ്പുന്നഹവ്വയതുവാസ്തവമെങ്കിലുംതാൻ
ദൈവപ്രസൂപദമെഴുംതിരുമേനിമൂലം-
സ്ത്രീവംശമുന്നതികലൎന്നുവിളങ്ങിടുന്നു. ൮

വേണ്ടാത്തതിങ്ങുചിലതൊക്കെവൃഥാപഠിച്ചു-
കൊണ്ടാണിവൻ'വികൃതിയായ്' ചിലനാൾ ന
മിണ്ടാവതല്ലിഹകഴിഞ്ഞതിനെക്കുറിച്ചു- (ടിച്ചു
തിണ്ടാടി, ഞാൻ തവപദംഗതിയെന്നുറച്ചു ൯

ലാക്കിന്നുനിൻപദയുഗശ്രിതനായ ശീമോൻ
നോക്കിന്നുനൽകിയൊരുതാവകദൎശനംപോൽ
വാക്കിന്നുനിന്നുനുതിചെയ്യുമിവന്നെഴുംമാൽ-
പോക്കിക് കൃതാൎത്ഥതവളൎത്തുകശംപ്രദേ! നീ.
൰

# ചെറുപുഷ്പ സഹോദരികൾ.

## അമ്മേരിക്കനായ ഫാദർ ഡോളൻെറ സന്ദർശനവിവരങ്ങൾ

V.

(റവ. ഫാദർ. എജീദിയോസ് സി. ഡി.)

കഴിഞ്ഞപ്രാവശ്യം പൗളിനുമായുള്ള രണ്ടാമത്തേ സന്ദശ്നവിവരമാണല്ലോ പറഞ്ഞിരുന്നതു്. പൗളിൻ ചെറുപുഷ്പസഹോദരികളായ മരിയയേയും സെലിനേയും വാതിൽമുറിയിൽ കൊണ്ടുവന്നതു വരേയുള്ള വിവരങ്ങൾ നാം അറിഞ്ഞുകഴിഞ്ഞു. ഇനിയും അതിനുശേഷം നടന്ന സംഗതികളെ നമുക്കു് വീണ്ടും തുടരാം. പ്രിയരേ! സന്ദഭ്ത്തിൻെറ മാഹാത്മ്യത്തെ മനസ്സിലാക്കണമെങ്കിൽ ആ മഠത്തിനകത്തു അഴിച്ചുവരിനരികെ നടക്കുന്ന കാൎയ്യ സ്വല്പമൊന്നു മനസ്സിരുത്തി കണ്ടാൽ മതിയായിരിക്കുന്നു. ഒരു വശത്തു ചെറുപുഷ്പ വിവരങ്ങളെ അനേക വഷം വായിച്ചറിയുകയും പ്രസംഗിക്കുകയും ചെയ്യ ഒരാൾ—മറുവശത്തു ആ പുണ്യവതിയുടെ മൂന്നു സഹോദരികൾ— നില്ക്കുന്നു.

അവരോടു സംഭാഷിക്കേണ്ട സംഗതികൾ ഞാൻ കാലേക്രൂട്ടി തയാർ ചെയ്യിരുന്നു എങ്കിലും എന്നിൽ കടന്നുക്രൂടിയ വിചാര ബഹുലതയാൽ എങ്ങിനെയാണു് സംസാരം തുടങ്ങേണ്ടതു എന്നുക്രൂടി ഞാൻ മറന്നുപോയി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതാ എൻെറ മുമ്പാകെ മറിയാ, അതേ ഒരു ക്രിസ്മസ് ദിവസം പാതിരാക്കുർബാനക്കു് മുമ്പായി ചെറുപുഷ്പം "മരിയെ നീ എന്നെ സഹായിച്ചാൽ ഞാനും ഇന്നു രാത്രി ഉണ്ണിഈശോയെ കൈക്കൊള്ളാം. അതിനു തക്ക ഒരു സൂത്രം ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്. നീ എന്നെക്രൂടെ പാതിരാക്കുർബാനയ്ക്കു് കൊണ്ടുപോകുകയും നിൻെറക്രൂടെ മുട്ടുകുത്തുന്നതിനു അനുവാദം നൽകുകയും ചെയ്യാൽ മാത്രംമതി. ഞാൻ വളരെ ചെറുതല്ലേ. ആരും എന്നെ കാണുകയില്ല" എന്നു അവളുടെ പുണ്യത്തിനടുത്ത സൂത്രത്തേ അറിയിച്ച ആ മരിയ നില്ക്കുന്നു. അവളുടെ ഈ ഭക്തസൂത്രത്തേ വെളിപ്പെടുത്തിയപ്പോൾ ഇരുനേത്രങ്ങളും അത്യാശയിൽ തുടിച്ചിരുന്നു. എന്നാൽ ഇതു് സാദ്ധ്യമല്ലാ എന്നു മരിയ പ്രസ്താവിച്ചപ്പോൾ ചെറുപുഷ്പത്തിൻെറ കണ്ണുകളിൽ നിന്നും ചുടുകണ്ണുങ്ങൾ പൊടിഞ്ഞു ധാരധാരയായി ഒഴുകിത്തുടങ്ങി. വീണ്ടും ഇതാ മറിയാ, ചെറുപുഷ്പത്തിൻെറ കൗമാരകാലത്തു അവളേ ബാധിച്ചിരുന്ന അതികഠിനമായ സുഖക്കേടിൽ അവൾ മരിച്ചുപോകുമെന്നു എല്ലാവരും വിചാരിച്ചുകൊണ്ടു നില്ക്കുകയിൽ, പരി. കന്യകയുടെ സ്വരൂപം സജീവമാകുകയും അവളുടെമേൽ പുഞ്ചിരിതൂകുകയും ചെയ്യതിനെ കണ്ടപ്പോൾ ചെറുപുഷ്പത്തിൻെറ മുഖത്തു സ്ഫുരിച്ചിച്ചിരുന്ന ഭാവഭേദത്തേ ദശ്ിക്കുകയും ചെയ്യ ആ മരിയ എൻെറ മുമ്പാകെ നില്ക്കുന്നു. ഇവളോടുതന്നെയാണു് ചെറുപുഷ്പം ഒരിക്കൽ 'ഓ മരിയെ ഞാൻ നമ്മുടെ പ്രിയപ്പെട്ട അമ്മയോടു് പലപ്പോഴും ഓ! എൻെറ വാത്സല്യ അമ്മേ! ഞാൻ നിന്നെക്കാൾ ഭാഗ്യപൂരിതയാണു്. എന്തുകൊണ്ടെന്നാൽ നീ എനിക്കു് അമ്മയായിട്ടുണ്ടു്. നിനക്കോ എന്നാൽ സ്നേഹിക്കുന്നതിനു ഒരു കന്യകയമ്മ ഇല്ലല്ലോ' എന്നു പറഞ്ഞതു്. വേറൊരിക്കൽ ചെറുപുഷ്പം പറഞ്ഞ വാക്കുകൾ ഏവരുടേയും ശ്രദ്ധയേ ആകഷിക്കുന്ന ഒന്നുതന്നെയാണു്. അവൾ പറഞ്ഞതായ്യ് "ഞാൻ സ്വൎഗ്ഗരാജ്ഞിയും നീ ത്രേസ്യായുമായിരുന്നെങ്കിൽ നീ സ്വൎഗ്ഗരാജ്ഞിയായി കാണപ്പെടുവാൻ ഞാൻ ത്രേസ്യായായി തന്നെ ഇരിക്കുന്നതിനു ആഗ്രഹിക്കുമായിരുന്നു" പരിശുദ്ധ കന്യകമറിയത്തോടുള്ള സ്നേഹത്തേ ഇതിൽ

കൂടുതലായി വെളിപ്പെടുത്തുന്നതിനു പൎയ്യാപ്തമായ വചനങ്ങൾ വേറേ ആരിൽനിന്നും പുറപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്.

ഇതാ വീണ്ടും, എന്റെ മുമ്പാകെ സെലിൻ- അതേ, ശൈശവത്തിൽ എനിക്കു് പിരിയാത്തതുണ, എന്റെ ആത്മത്തിന്റെ മാധുൎയ്യപ്രതിമ എന്നു ചെറുപുഷ്പം വിളിച്ചു വരാറുള്ള ആ സെലിൻ നില്ക്കുന്നു. ഈ സെലിനും ചെറുപുഷ്പവും ഒരു മുറിയിൽ തന്നെയാണു് നിദ്രചെയ്തിരുന്നതു്. ഈ മുറിയിൽ തന്നെയാണു അവൾ പരിശുദ്ധ കന്യകയുടെ ഒരു മനോഹര കപ്പേള നിൎമ്മിച്ചതും. ഇളവു ദിവസങ്ങളിൽ സെലിനും ത്രേസ്യായുമായി വീടിനരികെയുള്ള തോട്ടത്തിൽ വിനോദത്തിനായിപ്പോകുകയും അവിടെ ഒരോ ഭക്തിസംബന്ധകമായ കളികളിൽ ഏൎപ്പെടുകയും ചെയ്തിരുന്നു. അവിടെവെച്ചു ചെറുപുഷ്പം, കുർബാന ചൊല്ലുക, വാഴ്വുകൊടുക്കുക, എന്നചടങ്ങുകൾ വൈദികർ ചെയ്യാറുള്ളതുപോലെ ചെയ്തിരുന്നു. മാർട്ടിൻകുടുംബം അലെൻസൊണിൽനിന്നു ലിസ്യൂയിലേക്കു മാറി താമസിച്ചപ്പോൾ മറിയം തന്റെ സ്നേഹിതകൾക്കു് അയച്ച ഒരെഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഞങ്ങൾ ലിസ്യൂയിൽ ഒരു മനോഹരഭവനത്തിൽ അവസാനമായി താമസമുറപ്പിച്ചു. അവിടെ ഒരു വലിയ തോട്ടം ഉണ്ടു്. അതിൽ സെലിനും ചെറുപുഷ്പത്തിനും കളികൾ നടത്തുന്നതിനു ധാരാളം സൗകൎയ്യമുണ്ടായിരിക്കുന്നു." അവരുടെ കളികൾ എല്ലാപ്പോഴും ഭക്തിവിഷയമായിരുന്നില്ല. ഒരു ദിവസം ചെറുപുഷ്പം പാവകൾകൊണ്ടു വളരെനേരം കളിനടത്തിയശേഷം ക്ഷീണിച്ചു്, അതുകളെ സെലിനെ ഏൽപ്പിച്ചു. സെലിൻ അവയെ രണ്ടു പന്തിയായി അദ്ധ്യയനം നടത്തുന്ന ഒരു ക്ലാസുപോലെ നിരത്തിവെച്ചു. സെലിൻ ഉപദ്ധ്യായയും പാവകൾ കുട്ടികളുമായി സങ്കല്പിച്ചു. ചെറുപുഷ്പമോ എന്നാൽ ഒരു കാണിയുടെ നിലയേ സ്വീകരിച്ചു. പുറത്തുനിന്നു സെലിൻ കുട്ടികൾക്കു്, ഭൂമിശാസ്ത്രം, ശബ്ദനിയമം, ആദിയായവ പറഞ്ഞുകൊടുക്കുന്നതുകേട്ടു ചിലപ്പോഴെല്ലാം അവൾ പൊട്ടിച്ചിരിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലിൻ "ഞാൻ നിങ്ങളിൽ സമൎത്ഥനു് സമ്മാനം കൊടുക്കുവാൻ പോകുകയാകുന്നു" എന്നുപറഞ്ഞു ഒരു വലിയ പാവയേ തിരഞ്ഞെടുത്തു. അതിനെ സ്നേഹപൂൎവ്വം ആശ്ലേഷിച്ചുകൊണ്ടു് "പ്രിയകുഞ്ഞേ! നിന്റെ സമ്മാനമായിട്ടു് നിന്റെഉപാദ്ധ്യായനിയെ ഒന്നുചുംബിച്ചുകൊള്ളുക" എന്നു പറഞ്ഞപ്പോഴാണു് ചെറുപുഷ്പത്തിന്റെ സന്തോഷം മൂൎദ്ധന്യതയെ പ്രാപിച്ചതു്.

ഇവൾ തന്നെയാണു് റോമ്മായിലേക്കുള്ള സുപ്രസിദ്ധയാത്രയിൽ ചെറുപുഷ്പത്തിനുകൂട്ടായിപ്പോയതു്. ഇവർ രണ്ടുപേരും ആ യാത്രയിൽ വലിയ ധീരവതികളെപ്പോലെയാണു് പെരുമാറിയിരുന്നതു്. അവൎക്കു് ആവശ്യമുണ്ടായിരുന്നതെല്ലാം യാതൊരു നിയമമോ ചട്ടമോ കൂടാതെ ഇഷ്ടാനുസരണം ചെയ്തിരുന്നു. ഉദാഹരണമായി കൊളീസിയത്തിൽ പൂൎവ്വവേദസാക്ഷികൾ ദൈവത്തിനു് വേണ്ടി ജീവനെ ഉപേക്ഷിച്ച ആ സ്ഥലത്തുപോയി നില്ക്കുന്നതിനു അതിയായി അഗ്രഹിച്ചിരുന്നു. പ്രസ്തുതസ്ഥലം ഇരുമ്പഴികളാൽ ബന്ധിക്കപ്പെട്ടിരുന്നു. എങ്കിലും ചെറുപുഷ്പം "ഈ വേലിയുടെ ഇടയിൽക്കൂടെ കടക്കുന്നതിനു ഞാനും സെലിനും ചെറുതാകകൊണ്ടു് വളരെ എളുപ്പമുണ്ടു്" എന്നുകരുതി സെലിനോടു്— "സെലിൻ എന്റെ പിന്നാലെ വരിക" എന്നുപറഞ്ഞുമുമ്പെ നടന്നുതുടങ്ങി. പിറകെ സെലീനും പുറപ്പെട്ടു. അവർ വേലിയുടെ ഇടയിൽക്കൂടെ നുഴഞ്ഞു്, കാവൽക്കാരുടെ വിളിക്കു ശ്രദ്ധിക്കുകപോലും ചെയ്യാതെ നിശ്ചിതസ്ഥലത്തു്എത്തി, രക്തസാക്ഷികളുടെ ചോരയാൽ പരിപാവനമാക്കപ്പെട്ട ആ തിരുസ്ഥലത്തെ അതിപ്രേമത്തോടെ ചുംബനം ചെയ്തു. ഇതിനെക്കുറിച്ചു ചെറുപുഷ്പം തന്നെ പിന്നീടൊരിക്കൽ പറഞ്ഞതു് ഇപ്രകാരമാണു്. "അപ്പൻ ഞങ്ങളെ ശാസിക്കുന്നതിനു തുനിഞ്ഞില്ല. ഞങ്ങളുടെ ധീരപ്രവൃത്തികൊണ്ടു് അദ്ദേഹം അഭിമാനിയായി കാണപ്പെട്ടതായിട്ടാണു് എനിക്കുതോന്നിയതു്."

വീണ്ടും ചെറുപുഷ്പത്തിൻെറ പിരിയാത്ത കൂട്ടുകാരി, അവളോടുകൂടെ ഒരു മുറിയിൽ താമസിച്ചിരുന്നവൾ, ചെറുപുഷ്പത്തിൻെറ അന്ത്യവേളയിൽപരികർമ്മിച്ചവൾ, ആ സെലിൻ എൻെറ മുമ്പാകെ നില്ക്കുന്നു. ചെറുപുഷ്പത്തിനു പനി അത്യധികമായിരുന്നപ്പോൾ അവളുടെ വരണ്ട അധരങ്ങളിൽ മഞ്ഞുകട്ട വെക്കുന്നതിനു എല്ലായ്പോഴും ഇവൾ ശ്രദ്ധയുള്ളവളായിരുന്നു. അവളുടെ അന്ത്യകാല ശുശ്രൂഷക്ക് പ്രതിഫലമെന്നപോലെ ചെറുപുഷ്പം അവളേ തൻെറ സ്നേഹപരമായ വീക്ഷണത്താൽ സന്തോഷിപ്പിക്കുകയും സ്വർഗ്ഗീയമായ ഒരു മന്ദഹാസത്താൽ ആനന്ദിപ്പിക്കുകയും ചെയ്തു. ഇപ്രകാരമുള്ള ചിന്തകൾ എന്നിൽ കൂടെകടന്നു പോയതിനാൽ ആണ് ആദ്യം ആരോടാണ് സംസാരിക്കേണ്ടതു് എന്നുപോലും അറിയാതെ ഇതികർത്തവ്യതാ മൂഢനായി സ്വല്പനേരം നിന്നുപോയതു. കുറേകഴിഞ്ഞപ്പോൾ ഞാൻ—സെലിൻ വല്ലതും പറയാമോ എന്നുചോദിച്ചു. മൂന്നു സഹോദരികളിൽ വെച്ച ഭീരുവായ സെലിൻ പൊടുന്നനവേയുള്ള ഈ ചോദ്യം കേട്ടു വല്ലാതെ ഒന്നു ഞെട്ടി. ഉടനേ വിരിയുടെ പിറകിൽ നിന്നു ആരോ അവളോടു ഉത്തരം പറയുന്നതിനു നിർബന്ധിക്കുന്നതായി കേട്ടു. സ്വല്പം കഴിഞ്ഞപ്പോൾ ഇതാ പൗളിൻെറതുപോലെ മാധുര്യമായ സ്വരത്തിലല്ലെങ്കിലും ഒരു അസാധാരണ ഇമ്പമുള്ള ഒരു സ്വരം കേട്ടുതുടങ്ങി. 'അച്ചാ; ചെറുപുഷ്പത്തിൻെറ ഭക്തി അമേരിക്കയിൽ വദ്ധിപ്പിക്കുകയാണ് അച്ചൻെറ ജോലി എന്നു അമ്മ ഞങ്ങളോടു പറഞ്ഞു'.

ഞാൻ— "അതേ സഹോദരി അതാണ് എൻെറ ജോലി."

സെലിൻ- "എത്ര മഹനീയമായ ജോലി. അച്ചൻെറ പ്രയത്നങ്ങൾ ഫലവത്തായിത്തീരുന്നതിനും ചെറുപുഷ്പസഖ്യത്തിലെഅംഗങ്ങൾക്കായിട്ടും ഞങ്ങൾ പ്രാർത്ഥിക്കാം."

ഞാൻ അവളോട് നന്ദിപൂർവ്വം ഉപകാരസ്മരണ ചെയ്തശേഷം ചെറുപുഷ്പത്തിൻെറ ശൈശവസഖിയും 'അവളുടെ അമ്മാവിൻെറ മാധുര്യപ്രതിമ' എന്ന അപരനാമമുള്ളവളുമായ സഹോദരിയോടു സംഭാഷണംചെയ്യുന്നതിനു അവസരം കിട്ടിയതിനാൽ ഞാൻ വളരെ ഭാഗ്യവാൻതന്നെ എന്നു പറഞ്ഞു. ഇതു ഞാൻ പറഞ്ഞു കഴിഞ്ഞ ഉടനെ വിരിയുടെ പിൻവശത്തു് 'അമേരിക്കാക്കാരനായ ഒരാളിന്, പൗളിനെ ചെറുപുഷ്പം വിളിച്ചിരുന്ന ആ വത്സലനാമത്തോട് എങ്ങിനെ പരിചയമുണ്ടായി, എന്നും മററുമുള്ള അന്വേഷണ സംസാരം കേട്ടുതുടങ്ങി. ഇതിൻെറശേഷം മരിയയെ മറന്നുകളയരുതെന്നു കരുതി, ഇംഗ്ലീഷിൽ എന്നു തന്നെയല്ല, ഫ്രഞ്ചിലും കൂടി അഭംഗിയായി തോന്നത്തക്ക ഒരു രീതിയിൽ 'ഇനിയും മരിയയുടെ സ്വരം കേൾക്കട്ടെ. മരിയ എവിടെ? എന്നു ചോദിച്ചു. അതിനു മരിയ,'ഫാദർ, ഇതാ മരിയാ'എന്ന് ഉത്തരിച്ചു. ഇവളാണ് മൂന്നുപേരിലും സന്തോഷചിത്തയായുള്ളവൾ. ഇതിനെ വിശദമാക്കുന്ന പല പല ഉദാഹരണങ്ങൾ ഉണ്ടു്. അതു് പിന്നാലെ പറഞ്ഞുകേൾപ്പിക്കാം. വീണ്ടും ഞാൻ— "നിങ്ങളുടെ മദർ വളരെ ദയയുള്ളവൾ തന്നെ. എനിക്ക് നിങ്ങളോടെല്ലാവരോടും സംസാരിക്കുവാൻ അനുവാദം തന്നല്ലൊ."

മരിയ- മദർ എല്ലായ്പ്പോഴും, വളരെ ദയയുള്ളവളാണ്. ഞങ്ങൾക്ക് ഒന്നിച്ചുകൂടിക്കാണുന്നതിന് അച്ചൻ ഇടയാക്കിയതിൽ വളരെ സന്തോഷിക്കുന്നു. എന്തെന്നാൽ ചെറുപുഷ്പത്തേ അനുകരിച്ച് ആശ്വാസസമയങ്ങളിൽ ഞങ്ങൾ ഒരിക്കലും തനിച്ചു സംസാരിക്കാതെ വേറെ സഹോദരങ്ങളുടെ അരികെ പോയി അവരോടുകൂടെ സംഭാഷിക്കുകയാണ് പതിവ്. ഇപ്രകാരം ഞങ്ങളോട്- ചെറുപുഷ്പ സഹോദരികളോടു സംസാരിക്കുവാൻ ഇടകിട്ടിയതുകൊണ്ടു അച്ചൻെറ ജോലി പ്രശസ്തമായവിധത്തിൽ നടത്തിക്കൊണ്ടുപോകാമെന്നു വിചാരിക്കുന്നു.

ഞാൻ- സിസ്റ്റർ, അപ്രകാരം തന്നെ ഞാൻ നടത്തിക്കൊണ്ടുപോകും. ഒരു പുണ്യവതിയുടെ സഹോദരികളോ

ടുള്ള സംസാരത്തേക്കാൾ എനിക്ക് ഉണർച്ചയെ നൽകുന്നത് വേറെ എന്താണ് എന്ന് പറഞ്ഞു. ഇതിനെതുടൎന്നു ചില അപ്രധാനമായ ചോദ്യോത്തരങ്ങൾ നടത്തിയതിന്റെശേഷം കുറെ ചോദ്യങ്ങൾ ചോദിക്കുന്നതിനനുവാദം ചോദിച്ചു. ഉടനെ അതു് ലഭ്യമാവുകയും ചെയ്തു. ആദ്യമായി എനിക്ക് അധികം രസകരമായി തോന്നിയ ഒരു സംഭവത്തെ സെലിനോട്ട ചോദിച്ചു. അതു റോമ്മായിലേക്കുള്ള തീൎത്ഥയാത്രയിൽ വെച്ചു നടന്നതാണ്. സെലിനും ചെറുപുഷ്പവും മാർട്ടിനും കയറിയിരുന്ന തീവണ്ടിമുറിയിൽ ഒരു കിഴവനും ഉണ്ടായിരുന്നു. ഇരു സഹോദരികൾക്കും അതികമനീയമായി തോന്നിയിരുന്ന ഓരോ കാഴ്ചകളേപ്പററി വളരെരസകരമായിസംഭാഷിച്ചുകൊണ്ടിരിക്കുകയിൽ പ്രസ്തുത കിഴവൻ അവരെക്കുറിച്ചു ആവലാധി പറയുകയും കുററപ്പെടുത്തുകയും ചെയ്തു അവരുടെ ആ ആനന്ദസമയത്തേ അലങ്കോലപ്പെടുത്തിയിരുന്നു. മിക്ക സമയത്തും ഇതായിരുന്നു അയാളുടെ പ്രധാനജോലി. ചെറുപുഷ്പം ഇതു കണ്ടുകൊണ്ട് "ഈയാൾ ലോകത്തിൽ ഒരു വീട്ടിലല്ലെ താമസിച്ചിരുന്നതു്" എന്നു വളരെ കൌശലത്തോടെ ചോദിച്ചു. ചെറുപുഷ്പത്തിന്റെ ഈ സംസാരം ആ കിഴവൻ കേട്ടോ എന്നു ചോദിച്ചതിനു ഉടനെ സെലിൻ- "ഇല്ലാ. അയാൾ കേൾക്കാതിരിക്കുവാൻ ചെറുപുഷ്പം വളരെ സൂക്ഷിച്ചുകൊണ്ട് എന്റെ ചെവിയിൽ മന്ത്രിക്കുകയായിരുന്നുചെയ്തതു്, എന്നു പറഞ്ഞശേഷം അവൾ വീണ്ടും എന്നോട്ട് "ലോകത്തെ പരിത്യജിക്കാറായിരിക്കുന്നവൎക്ക് എത്രനല്ല പാഠത്തേയാണ് പ്രദാനം ചെയ്യുന്നതു്" എന്നു പറഞ്ഞു.

ഇതിന്റെ ശേഷം ചെറുപുഷ്പത്തിന്റെ അന്ത്യരാത്രിയിൽ നടന്ന ഒരു സംഭവത്തെപ്പററി ചോദിച്ചു. ഈ ചരിത്രം തന്നെ സിസ്റ്റർ അഗാത്താ എന്നോട്ട് പറഞ്ഞിട്ടുള്ളതാണ്. അതിന്റെ സത്യാവസ്ഥയെ പരീക്ഷിക്കുന്നതിനു എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. സംഭവംഇപ്രകാരമാണ്: ചെറുപുഷ്പത്തിന്റെ അന്ത്യരാത്രി ഏകദേശം പാതിരാവായപ്പോൾ മരിയ കുറെ ശുദ്ധജലം കൊണ്ടുവന്നു അവൾക്ക് കൊടുത്തു. ചെറുപുഷ്പം ക്ഷീണാധിക്യത്താൽ വളരെനേരംകൊണ്ടെ അതു കുടിച്ചുതീൎക്കുന്നതിനു സാധിച്ചുള്ളു. എന്നാൽ പലദിവസത്തെ ഉറക്കമിളപ്പു മുഖാന്തിരം ക്ഷീണിച്ചിരുന്ന മരിയാ ഈ സമയത്തു ഉറങ്ങിപ്പോയി. ചെറുപുഷ്പം അവളെ അസഹ്യപ്പെടുത്തുന്നതിനു് മനസ്സാകാതെ വെള്ളം കൊണ്ടുവന്നിരുന്ന തംബ്ളേർ പല മണിക്കൂറോളം പിടിച്ചുകൊണ്ടിരുന്നു. ഞാൻ—"നിങ്ങൾ ചെറുപുഷ്പത്തിന്റെ അന്ത്യരാത്രിയിൽ ഉറങ്ങിപ്പോയതു വാസ്തവം തന്നെയോ"? എന്നു ചോദിച്ചു. അവൾ സംഗതി മനസ്സിലാകാതെ കുഴങ്ങീട്ടു കുറേക്കൂടെ വിശദമായി പറയുന്നതിനു അപേക്ഷിച്ചു. ഞാൻ അപ്രകാരം ചെയ്യുകയുംചെയ്തു. ഉടനെ വിരിയുടെ പിറകിൽനിന്ന് "ഓ! ശരിശരി. ചെറുപുഷ്പം ശേഷം സഹോദരികളെ ബുദ്ധിമുട്ടിക്കാതിരിപ്പാൻ വളരെ സൂക്ഷിച്ചിരുന്നു. അതിനാൽ അവൾ പല മണിക്കൂറോളം മരിയയെഉണൎത്താതെ ആ തംബ്ളേറും പിടിച്ചുകൊണ്ട് സമയം കഴിച്ചിരുന്നു" എന്നു പറഞ്ഞു.

മരി- അച്ചനു് ഇതു്എങ്ങിനെ മനസ്സിലായി. ആരാണ് ഇതു് അച്ചനോട്ട പറഞ്ഞതു്. ഞാൻ ആരോടും പറഞ്ഞതായി ഓൎക്കുന്നില്ല.

ഞാൻ— നിങ്ങൾ വല്ലവരോടും പറഞ്ഞുകാണാതിരിക്കുകയില്ല. എന്നുപറഞ്ഞു ആഗത്തായുടെ രഹസ്യത്തേ വെളിപ്പെടുത്താതെ സൂക്ഷിച്ചു. ഇതിന്റെ ശേഷം ചെറുപുഷ്പസഖ്യാംഗങ്ങൾക്ക് ഒരു സന്ദേശം അയച്ചുതരണമെന്നു ഞാൻ ആവശ്യപ്പെട്ടു. ഉടനെ പൗളിൻ അകത്തുനിന്നു് "ഇതാ നിന്റെ അവസരം. നല്ലവണ്ണം ചിന്തിക്കുക. ഇന്നലെ എന്റേതായിരുന്നു" എന്നു പറഞ്ഞു. അതിന്റെ ശേഷം ഒരു പരിപൂൎണ്ണ മൌനം അവിടെ കളിയാടി. സ്വല്പസമയം കഴിഞ്ഞപ്പോൾ ഇതാ സെലീന്റെ സ്വരം-"അമേരിക്കയിലെ ചെറുപുഷ്പസഖ്യതയിലെ അംഗങ്ങളോട്ട് അവർ ചെറുപുഷ്പത്തേക്കുറിച്ച് അത്ഭുത പരതന്ത്രരായാൽ മാത്രം പോരാ പിന്നെയോ അ

വളെ അനുകരിക്കുകകൂടെയും ചെയ്യണം" എന്നു് അച്ചൻ പറയണം, എന്ന സന്ദേശവാർത്ത കേൾക്കപ്പെട്ടു.

സ്നേഹിതരേ! ചെറുപുഷ്പത്തിൽ ആകർഷണീയമായി കാണുന്നതിനെപ്പററി ആശ്ചര്യപ്പെടുന്നതിൽ വളരെ ആപത്തുകൾ വന്നു ഭവിപ്പാൻ പാടുണ്ടു്. ഉദാഹരണമായി ചെറുപുഷ്പത്തിൻെറ ഇരുകൈകളിൽ റോസപ്പുഷ്പങ്ങളാൽ നിറഞ്ഞിരിക്കുന്ന കുരിശിനെ ആരും കാണുന്നില്ല. അവൾ റോസപ്പുഷ്പങ്ങളെപ്പോലെ കുരിശുകളെ സ്നേഹിച്ചിരുന്നു. ഇതുകൊണ്ടാണു് അവളെപ്പററി അത്ഭുതപ്പെട്ടാൽ പോരാ അനുകരിക്കണമെന്നുകൂടെ സെലിൻ പറഞ്ഞതു്. അവളുടെ കഠിനപരീക്ഷകളിൽപോലും അവൾക്കുണ്ടായിരുന്ന ക്ഷമ, ദൈവതിരുമനസ്സിനോടുള്ള യോജിപ്പു്, എന്നിതുകളെ നാമും കണ്ടുപഠിക്കണം.

ഇതിൻെറ ശേഷം മരിയയും ഒരു സന്ദേശം നിങ്ങൾക്കായി എന്നെ ഏല്പിച്ചിട്ടുണ്ടു്. അതു് ഇപ്രകാരമാണു്. "ചെറുപുഷ്പത്തെപ്പോലെ ദൈവജനനിയോടു ഭക്തിയായിരിക്കുന്നവർക്കു് അന്ത്യനാശത്തെ ഭയന്നിട്ടു് ആവശ്യമില്ല." ഹാ എത്രയൊ ആശ്വാസപ്രദമായ വചനം. ഇതിനെ നാം നമ്മുടെ ഹൃദയത്തിൽ തങ്കാക്ഷരങ്ങളിൽ എഴുതി ഇടേണ്ടിയിരിക്കുന്നു. അനന്തരം എൻെറ കൈയ്യിൽ ഉണ്ടായിരുന്നതും വളരെ ഭക്തിപുരസ്സരം സൂക്ഷിച്ചിരുന്നതുമായ ഒരു ചെറുപുഷ്പപടത്തെ എടുത്തുകാണിച്ചു ഓരോരുത്തരും ഓരോ സന്ദേശം അതിൽ രേഖപ്പെടുത്തി, അവസാനത്തിൽ കൈയ്യൊപ്പും വെച്ചുതരണമെന്നും അതു എൻെറ സന്ദർശനത്തിൻെറ നിത്യസ്മാരകമായി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. അതിനു അവർ എല്ലാവരും സമ്മതിക്കുകയും അതിൻപ്രകാരം അതിനെ മുൻപറഞ്ഞ ചക്രംവഴിയായി അവരെ ഏല്പിക്കുകയും ചെയ്തു. പടം അവരുടെ പക്കൽ എത്തിയ ഉടനെ (ആരെന്നു എനിക്കു ക്ലിപ്തം പറയാൻ വഹിയാ എങ്കിലും മരിയയാണെന്നുതോന്നുന്നു) ഇതു ഞാനും ഭക്തിപുരസ്സരം സൂക്ഷിക്കുന്ന പടമാണല്ലോ?? എന്നു പറയുന്നതുകേട്ടു. ഉടനെ പ്രാർത്ഥനക്കുള്ള മണികൊട്ടുകയാൽ പൗലിൻ- "അച്ചാ! സമയം അതിക്രമിച്ചിരിക്കുന്നു. അച്ചൻെറ ആഗ്രഹം നിറവേററുന്നതിനു് ഇപ്പോൾ സമയം തീരെ ഇല്ല. അതിനാൽ സ്വല്പം കഴിയുമ്പോൾ അച്ചൻ പറഞ്ഞതുപോലെ ചെയ്തു് അച്ചൻ താമസിക്കുന്ന സ്ഥലത്തു എത്തിച്ചുതരാം" എന്നു പറഞ്ഞു്, എൻെറ വാഴ്വിനായി മുട്ടുകുത്തി. ഞാൻ— എൻെറ വാഴ്വോ? നിങ്ങളുടെ വാഴ്വിനിക്കാണു് നിങ്ങൾ തരേണ്ടതു്? എന്നു് പറഞ്ഞു. ഒടുവിൽ അവരുടെ ആഗ്രഹനിവൃത്തിവരുത്തിക്കൊടുത്തു സന്ദർശനമുറിയിൽനിന്നും ഇറങ്ങുന്നതിനു ഭാവിക്കുകയിൽ പൗലിൻ— "അച്ചാ! അച്ചനുവേണ്ടിയും ചെറുപുഷ്പസഖ്യാംഗങ്ങൾക്കുവേണ്ടിയും ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നതാണു്. ഞാൻ ദിവസവും എൻെറ വിശു. സഹോദരിയോടു് അച്ചനെ അവളുടെ പ്രത്യേകാദരവിൻകീഴു് കാത്തുകൊള്ളുന്നതിനു് പ്രത്യേകം അപേക്ഷിക്കുകയും ചെയ്യാം" എന്നു പറഞ്ഞു വിരിക്കുള്ളിൽ മറയുകയും ചെയ്തു. നാളെ നാലാമത്തെ സഹോദരിയും വിസിറേഷ്യൻസഭാംഗവുമായ ലെയോനിയെ സന്ദർശിച്ച വിവരം അറിയിക്കുന്നതാണു്. (തുടരും.)

# ദൈവമാതാവു വഴിയു്.

ഈശോമ്ശിഹാ സ്വർഗ്ഗസ്ഥനായ തൻെറ പിതാവിൻെറ തിരുസന്നിധിയിൽ നമ്മുടെ മദ്ധ്യസ്ഥനായിരിക്കുന്നതുപോലെ തന്നെ ഈശോമ്ശിഹായുടെ

തിരുസന്നിധിയിൽ പരിശുദ്ധ കന്യക നമുക്ക് ഏററവും പ്രാബല്യമുള്ള മദ്ധ്യസ്ഥയാകുന്നു. ആകയാൽ നാം നമ്മുടെ സൽപ്രവൃത്തികളെ ഈ മാതാവു വഴിയായി ഈശോമ്ശിഹായ്ക്കു് സമപ്പിക്കുന്നെങ്കിൽ അതു് വളരെ പ്രയോജനമുള്ളതാണ്. മാതാവു് നമ്മുടെ കാഴ്ചകളെ തൻെറ തിരുക്കമാരനു് സമപ്പിക്കുന്നതു് തൻെറ സ്വന്തം നാമത്തിലാകുന്നു. ആയതുകൊണ്ടു് അവയെ താൻ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചു് അവയ്ക്കു പ്രതിഫലമായി അനേകം ഇഷ്ടപ്രസാദങ്ങളും യോഗ്യതകളും നൽകുന്നു. വന്ദ്യനായ മോൺഫോർട്ടു പറയുന്നതിനെ കേൾക്കുക. "നാം മാതാവിനു കൊടുക്കുമ്പോൾ ഈശോമ്ശിഹായ്ക്കു് കൊടുക്കുന്നു. നാം മാതാവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുമ്പോൾ ഈശോമ്ശിഹായെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പണ്ടു് എലിശാപുണ്യവതി തന്നെ സ്തുതിച്ചതുപോലെ മതാവു് ഈ തരുണത്തിൽ 'എൻെറ ആത്മാവു് കത്താവിനെ പാടി സ്തുതിക്കുന്നു. എൻെറ അരൂപി രക്ഷകനായ ദൈവത്തിൽ അത്യധികമായി സന്തോഷിക്കുകയും ചെയ്യുന്നു. എന്ന സ്തോത്രഗീതം പാടുന്നു."

അദ്ദേഹം തുടൎന്നുപറയുന്നു. "നമ്മുടെ സൽകൃത്യങ്ങൾ എത്രതന്നെ പൂണ്ണമായി കാണപ്പെട്ടാലും പലപ്പോഴും ദൈവതിരുസന്നിധിയിൽ അവ മലിനവും അപൂണ്ണവുമായിരിയ്ക്കും. ആയതുകൊണ്ടു് നമ്മുടെ കാഴ്ചകളെ ദൈവമാതാവു് തൻെറ തൃക്കൈകളാൽ പരിപാവനമാക്കുന്നതിനു് ഈ നല്ല നാഥയോടു നമുക്കു പ്രാത്ഥിയ്ക്കാം."

അനന്ത പരിശുദ്ധനും അനന്ത മഹിമകളാൽ ആവൃതനുമായിരിക്കുന്ന ദൈവത്തോടു് എന്തുകൊണ്ടു് നാം ഇപ്രകാരം പ്രവത്തിക്കയ്ക്കുന്നില്ല. ഈശോമ്ശിഹാ കഴിഞ്ഞാൽ നമ്മുടെ മാതാവായ പരിശുദ്ധ കന്യകമറിയത്തിൽ നാം സങ്കേതം തേടണം. എന്തുകൊണ്ടെന്നാൽ താൻ ദൈവത്തിൻെറ ഹൃദയം വശീകരിപ്പാൻ ശക്തിയുള്ളവളാകുന്നു. അപേക്ഷകൻ എത്രതന്നെ നിസ്സാരനോ പാപിയോ ആയിരുന്നാലും അവൻെറ പ്രാത്ഥനയെ താൻ ഒരുനാളും നിരാകരിയ്ക്കുകയില്ല. വി. ബണ്ണാർദ്ദ് നമ്മുടെ ഈ വിശ്വാസത്തെ ദൃഢീകരിക്കുന്നതു് ഇപ്രകാരമാണ്. "നീഎന്തെങ്കിലും ദൈവത്തിനു് സമപ്പിക്കുന്നെങ്കിൽ നമ്മുടെ മാതാവായ പരിശുദ്ധ കന്യകമറിയം വഴിയായി അതു സമപ്പിക്കുക. ഈ അമ്മദൈവത്തിനു് ഏററവും ഇഷ്ടമുള്ളവളാകുന്നു."

---

### ൧൯൨൧ ഇടവമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## പാപികളുടെ സങ്കേതമായ മാതാവു്.

വരപ്രസാദത്തിൻെറ രാജ്ഞിയായ പരിശുദ്ധകന്യകമറിയത്തിനു ഭൂലോകത്തിലും പരലോകത്തിലും സകല അധികാരങ്ങളും തൻെറ ദിവ്യപുത്രൻ നൽകിയിട്ടുണ്ടു്. മനുഷ്യരക്ഷയ്ക്കായിഅവയെനിരന്തരംഉപയോഗിക്കുക എന്നുള്ളതാകുന്ന ഈ വിശുദ്ധ മാതാവിൻെറ ജോലി. എന്നാൽ മാതാക്കൾ എല്ലാമക്കളേയും സഹജമായി സ്നേഹിക്കുമെങ്കിലും രോഗബാധിതരോ അപകടസ്ഥിതരോ ആയ സന്താനങ്ങളുടെമേൽ അവക്കു കൂടുതൽ അനുകമ്പയുണ്ടായിരിക്കുക സ്വാഭാവികമാണല്ലൊ. ആകയാൽ മനുഷ്യവഗ്ഗത്തിൻെറ പൊതുമാതാവായി നിയമിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ ദൈവമാതാവിനു പാപമുറിവേററു നിത്യനാശത്തി

ൻെറ അപകടത്തിലിരിക്കുന്ന മക്കളോടുള്ള കൂടുതൽ പ്രതിപത്തിയെപ്പററി അത്ഭുതപ്പെടാനില്ല. ഈ അമ്മ എല്ലാവരുടെയും മാതാവുതന്നെയെങ്കിലും പ്രത്യേകിച്ചു പാപികളുടെ സങ്കേതമായ മാതാവെന്നു ന്യായമായി വിളിക്കപ്പെടുന്നു. എല്ലാവൎക്കും ഈ അമ്മയുടെ അനുഗ്രഹത്തിൽ അഭയംതേടാൻ പാടുണ്ടു്. എന്നാൽ പാപികൾക്കു് അതിലേക്കു കൂടുതൽ അവകാശമുണ്ടു്. ഒരുവൻ എത്രയധികം പാപങ്ങളാൽ ഭാരപ്പെട്ടിരിക്കുന്നുവോ അത്രയധികം ഈ ദിവ്യജനനിയുടെ കടാക്ഷത്തിനു അൎഹനായിരിക്കുന്നു വെന്നാണു് വി. അല്ലോൻസു ലിഗോരി പുണ്യവാൻ സാക്ഷിക്കുന്നതു്. ഹാ! എത്ര ആശ്വാസപ്രദമായ ചിന്ത. തൊണ്ണൂററൊൻപതു ആടുകളേയുംകാട്ടിൽഇട്ടുംവച്ചു്, കാണാതെപോയഒരാടിനെഅന്വേഷിച്ചു പുറപ്പെടുകയും,കണ്ടെത്തിയപ്പോൾ ആനന്ദപരവശനായി അതിനെ തോളിൽ വഹിച്ചുകൊണ്ടു തൊഴുത്തിലേക്കു പിന്തിരിയുകയും ചെയ്യുന്ന നല്ല ഇടയൻെറ മാതാവു നീതിസ്വരൂപനായ ആ പുത്രനെക്കാളും അനുഗ്രഹമുള്ളവളായിരിക്കുന്നു. ദൈവകുമാരനു നീതിയെ ലംഘിപ്പിക്കാൻ പാടില്ല. പാപത്താൽ ദൈവമഹത്വത്തെ അപലപിച്ചവരെ അതിനൊത്തവിധത്തിൽ ശിക്ഷിക്കാതിരിപ്പാൻ ദൈവനീതിക്കു സാധ്യമല്ല. എന്നാൽ ദൈവജനനിയാകട്ടെ അനുഗ്രഹം മാത്രമെ നോക്കുന്നുള്ളു. തൻെറ അനുഗ്രഹം നിറഞ്ഞ മദ്ധ്യസ്ഥതയാൽ ദൈവനീതിയെപ്പോലും പരാജയപ്പെടുത്തുകയാണു ചെയ്യുന്നതു്. ഹാ! ഇപ്രകാരം എത്രപാപികൾ- നരകപാതാളത്തിൻെറ വാതിൽവരെ എത്തിയ നിൎഭാഗ്യർ- ഈ അമ്മയുടെ സഹായത്താൽ രക്ഷപ്രാപിച്ചിരിക്കുന്നു. ദൈവമാതാവിൻെറനേരേയുള്ള ഒരു അല്പഭക്തി, ഒരു നന്മനിറഞ്ഞ മറിയം, ശനിയാഴ്ചതോറുമുള്ള ഒരു കുൎബാന— എന്നിത്യാദി മാൎഗ്ഗങ്ങളാൽ അത്ഭുതകരമായി മനസ്സുതിരിഞ്ഞു നല്ലമരണം പ്രാപിച്ചു നിത്യരക്ഷലഭിച്ചിട്ടുള്ളവർ എത്രയോ അനവധി. ഇതിനാലത്രെ ദൈവജ്ജനനിയുടെ ഭക്തർ നിത്യനാശത്തിലകപ്പെടുന്നതല്ല എന്നു വേദപാരഗന്മാർ ധൈൎയ്യമായി പഠിപ്പിക്കുന്നതു്. അതിനാൽ ശരണക്കേടിൽ അകപ്പെട്ടു, മനസ്സുതിരിയാൻ ശ്രമിക്കപോലും ചെയ്യാതെ നടക്കുന്ന മൂൎഖപാപികൾ ഈമാസത്തിൽ പാപികളുടെ സങ്കേതമായിരിക്കുന്ന ഈ അമ്മയുടെ ആശ്രയംതേടി നല്ലവഴിക്കു ചേരുവാൻവേണ്ടി തിരുഹൃദയഭക്തന്മാർ പ്രത്യേകിച്ചു പ്രാൎത്ഥിക്കണം.



ജൂൺമാസം— തിരുഹൃദയനിന്ദാപരിഹാരം.

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്.

## I. വി. യോഹന്നാൻ ബക്കുമാൻസ്.

### 5. ദൈവവിളി.

പ്രിയകുഞ്ഞുങ്ങളെ,

ഫ്റോയിമോണ്ടച്ചൻെറ ഭൃത്യനായി മലീൻസിൽ താമസിച്ചുകൊണ്ടു നമ്മുടെ യോഹന്നാൻെറ പഠനം തുടൎന്നുകൊണ്ടു പോകാൻ സാധിച്ചതായി കഴിഞ്ഞ തവണ പ്രസ്താവിച്ചിരുന്ന

ല്ലോ. കണ്ടവർ കണ്ടവരെല്ലാം ഈ ഭൃത്യന്റെ യോഗ്യതകളെപ്പററി പ്രശംസിച്ചു. അച്ചൻ മററു പള്ളികളിൽതിരുനാളുകൾക്കും മററും പോകുമ്പോൾ, മററുള്ള അച്ചന്മാരുടെ ഭൃത്യന്മാർ ചാടിക്കളിച്ചു ലഹളയുണ്ടാക്കി നടക്കുകയിൽ യോഹന്നാൻ പള്ളിയകത്തുപോയി മൌനമായി പ്രാൎത്ഥിക്കുന്നതു കണ്ടു പലരും അത്ഭുതപ്പെട്ടു. എന്തു ജോലി ഏല്പിച്ചാലും കൃത്യമായും ചിതമായും, യജമാനനു നഷ്ടം വരുത്താതെയും ചെയ്യുന്നതിൽ യോഹന്നാനുള്ള ശ്രദ്ധ എല്ലാവരുടെയും പ്രശംസയ്ക്കു പാത്രമായിത്തീൎന്നു. എന്നാൽ ഇതിനിടയ്ക്കെല്ലാം പഠനത്തിനും മുടക്കം വരുത്താതെ സൂക്ഷിച്ചു. പലപ്പോഴും രാത്രിയിൽ അധികനേരം ഉറക്കിളച്ചിരുന്നും പഠിക്കേണ്ടിവന്നു.

ഇങ്ങനെയിരിക്കെ മലീൻസു നഗരത്തിൽ ഈശോസഭക്കാരുടെവക പുതുതായി ഒരു കോളജു ആരംഭിച്ചു. യോഹന്നാനു അവിടെപ്പോയി പഠിച്ചാൽ കൊള്ളാമെന്നു ആഗ്രഹം കാണിച്ചതിനാൽ ഫ്രോയിമോണ്ടച്ചൻ അതിനും സൌകൎയ്യമുണ്ടാക്കിക്കൊടുത്തു. അച്ചന്റെ ജോലികൾക്കൊന്നിനും വീഴ്ച വരുത്താതെ കുട്ടി കോളജിലും പോയിപഠനംതുടങ്ങി. വേലക്കാരൻ കൊച്ചന്റെപഠനത്തിലുള്ള സാമൎത്ഥ്യവും പുണ്യത്തിലുള്ള ശുഷ്കാന്തിയും അവിടത്തെ വിദ്യാൎത്ഥികളെയും അച്ചന്മാരെയുംഅത്ഭുതപ്പെടുത്തി. അന്തോനി ദെഗ്രീഫ് എന്ന ബ. ഈശോ സഭക്കാരനച്ചനെ യോഹന്നാൻ തന്റെ കുമ്പസാരക്കാരനായി തിരഞ്ഞെടുത്തു. കുട്ടിയുടെ ഉള്ളും പുറവും അറിഞ്ഞുവന്നതിനോടെ അദ്ദേഹത്തിന്റെ അത്ഭുതവും വൎദ്ധിച്ചുവന്നു. സമൎത്ഥന്മാരായ പലകുട്ടികൾ ആ ക്ലാസിൽ ഉണ്ടായിരുന്നെങ്കിലും, യോഹന്നാൻ അവരെയെല്ലാം പിമ്പിലാക്കി, വൎഷാവസാനപരീക്ഷയിൽ ഒന്നാമനായിത്തന്നെ ജയിച്ചു. ദിവ്യകാരുണ്യ ഭക്തിയിൽ നമ്മുടെബാലൻ ഇതിനിടകൊണ്ടു വളരെ അഭിവൃദ്ധി പ്രാപിച്ചു. വിശുദ്ധ കുൎബാന കൈക്കൊണ്ടു കഴിഞ്ഞുള്ള ഉപകാരസ്മരണ ചിലപ്പോൾ രണ്ടും മൂന്നും നാഴിക ദീൎഘിച്ചിരുന്നു. മാതാവിന്റെ സൊഡാലിററിയിൽ ചേൎന്നതിന്റെ ക്രമങ്ങളെല്ലാം കണിശമായിഅനുഷ്ഠിച്ചുതുടങ്ങി.ശനിയാഴ്ചതോറും മാതാവിനെകുറിച്ചുഒരുനേരംനില്ലാൻഅഭ്യസിച്ചു. ഇങ്ങനെ നാനാ പ്രകാരത്തിൽ പുണ്യത്തിലും പ്രായത്തിലുംവളൎന്നു വന്നതിനോടേനമ്മുടെബാലനുനിത്യരക്ഷയുടെ കാൎയ്യത്തിൽ കൂടുതൽ വിചാരമുണ്ടായി. നിത്യരക്ഷ അപകടമില്ലാതാക്കുന്നതിനു ഏതുഅന്തസ്സാണ് തിരഞ്ഞെടുക്കേണ്ടതെന്നആലോചിച്ചുതുടങ്ങി.കോളജിലെഈശോസഭക്കാരായഅച്ചന്മാരുടെപുണ്യജീവിതവും, ആത്മരക്ഷയ്ക്കുവേണ്ടിയുള്ള ബുദ്ധിമുട്ടുകളും കണ്ടു സന്യാസജീവിതത്തെക്കുറിച്ചു വലിയ മതിപ്പും സ്നേഹവുമുണ്ടായി. ഏതായാലും ദൈവം തന്നെ വിളിക്കുന്നു എന്നു യോഹന്നാനു നാൾക്കുനാൾ ബോധപ്പെട്ടു തുടങ്ങി. ദൈവതിരുമനസ്സു അറിവാൻ വേണ്ടിയുള്ള പുണ്യബാലന്റെ ശ്രമങ്ങളെപ്പററി അടുത്തതവണ പറഞ്ഞുകേൾപ്പിക്കാം.

## II. ഈമാസത്തെ മദ്ധ്യസ്ഥൻ— വന്ദ്യനായ ക്രീസ്പീൻ.

(തിരുനാൾ മേ ൨൩-ാംനു- വ്യാഴാഴ്ച)

ഇററലിയിൽ വിറേറർബോ നഗരത്തിൽ ദരിദ്രരായ മാതാപിതാക്കന്മാരിൽനിന്നു പിറന്ന ഈ വന്ദ്യൻ ദേവമാതാവിന്റെ ഒരു അത്ഭുത ഭക്തനായിരുന്നു. കപ്പൂച്ചിൻസഭയിൽ ഒരു തുണസഹോദരനായി പ്രവേശിച്ച ശേഷം 'ദൈവമാതാവിന്റെ ശ്ലീഹാ'എന്നു വിളിക്കപ്പെട്ടുവന്നു. ഭിക്ഷാടനത്തിനായി തെരുവീഥികളിൽ നടക്കുമ്പോൾകൂടെയും അദ്ദേഹം ദൈവജനനിയെക്കുറിച്ചു പ്രസംഗിച്ചിരുന്നു. മരണക്കിടക്കയിൽവച്ചു് "എന്റെ അമ്മയായ ദൈവമാതാവു് അധികം താമസിയാതെ എന്നെ വാസ്തവത്തിൽ ധനവാനാക്കും" എന്നു കൂടക്കൂടെ പറഞ്ഞുകൊണ്ടു് ഭാഗ്യമരണം പ്രാപിച്ചു. പാപത്താൽ ദൈവമാതാവിനെ സങ്കടപ്പെടുത്താതിരിപ്പാൻ ഈ വന്ദ്യനോടു നമുക്കു പ്രാൎത്ഥിക്കാം.



എൎണാകുളം, പെരുമാനൂർ ൩൧-ാംനമ്പർ ബാലസംഘം.

## III. കെ. സി. സി. ഏ. ഡയറി.

അതിരമ്പുഴത്തെ കോൺഗ്രസ്സിനോടുകൂടെ കെ. സി. സി. ഏ. വാൎഷികസമ്മേളനവും നടത്തുന്നതിനു കോൺഗ്രസ്സുപ്രവൎത്തകന്മാരിൽ ചിലർ ആവശ്യപ്പെടുകയുണ്ടായി. എങ്കിലും പാലായിലെ അനുഭവംകൊണ്ടു അതുപേക്ഷിക്കയാണു ചെയ്തതു്, കണക്കിൽ കവിഞ്ഞുള്ള കോലാഹലങ്ങൾ തുടങ്ങിയാൽ അതു തുടൎന്നു നടത്തിക്കൊണ്ടു പോകുന്നതിനു ആളില്ലാതെ വരും. ഒടുവിൽഎല്ലാം മുടങ്ങാനിടയാകയും ചെയ്യും. അതിനാൽ കുഞ്ഞുമക്കളെക്കൊണ്ടു അങ്ങിനെയുള്ള ഭാരമൊന്നും സമുദായത്തിനുണ്ടാകേണ്ടതില്ല.

* * *

എന്നു തന്നെയല്ല, ഈ ബാഹ്യപ്രദൎശനങ്ങൾകൊണ്ടൊന്നും കുഞ്ഞുമക്കൾക്കു വലിയ ഫലമൊന്നും ഉണ്ടാകാനില്ലെന്നും അനുഭവപ്പെട്ടിരിക്കയാണു. അതാതുസ്ഥലങ്ങളിലെ വാൎഷികയോഗം അവരവർ കൊണ്ടാടുന്നുണ്ടു്. അത്രയേ ആരംഭത്തിൽ ഉദ്ദേശമുണ്ടായിരുന്നുമുള്ളു. അതിൽ കൂടുതലൊക്കെ നമ്മുടെ നിലയിൽ കവിഞ്ഞതായിട്ടാണു് തോന്നുന്നതു്. പ്രതിമാസമുള്ള നമ്മുടെ സമ്മാനദാനങ്ങൾക്കും മററുമുള്ള ചിലവു വാൎഷികസമ്മേളനഘോഷച്ചെലവുകളേക്കാൾ നമുക്കു വളരെ യോജിക്കുന്നതും ഉപകരിക്കുന്നതുമാണു്. അതോടുകൂടെ നമ്മുടെ കുഞ്ഞു പ്രേഷകജോലികളും ഒച്ചപ്പാടുകൂടാതെ നടന്നുകൊണ്ടിരിക്കട്ടെ. തല്ക്കാലം അതു മതിയാവും.

* * *

പരിശുദ്ധ പിതാവു തിരുമനസ്സിലെ ജൂബിലി സംബന്ധിച്ചു കുഞ്ഞുമക്കളുടെ ഒരു സുകൃത പൂക്കെട്ടു സമൎപ്പിക്കണമെന്നു കുടമാളൂർ കെ. സി. സി. ഏ.ക്കാർ ഒരു നിശ്ചയം പാസ്സാക്കി അയച്ചിരിക്കുന്നതു സന്തോഷകരം തന്നെ. കെ. സി. സി. ഏ. പടങ്ങൾ അടങ്ങിയ ഒരു ആൽബം ഇക്കൊല്ലം അടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടു്. അതോടുകൂടെ ഈ സുകൃതമഞ്ജരി തിരുമനസ്സിലേക്കു സമൎപ്പിക്കാനാണു കരുതിയിരിക്കുന്നതു്. അതിലേക്കു കുഞ്ഞുമക്കളുടെ സുകൃത പൂക്കെട്ടുകൾ ജൂലൈമാസാരംഭത്തിനുമുമ്പു് അയച്ചുതരണമെന്നു ഓൎപ്പിച്ചുകൊള്ളുന്നു.

* * *

എഴുപതു ശതമാനം ഹാജരു സംബന്ധിച്ചുള്ള മാൎച്ചുമാസത്തെ മത്സരത്തിനു നാനൂറോളം പേരുകൾ കിട്ടിയ

വ ചിട്ടിയിട്ടെടുത്തതിൽ പെരുമാനൂർ ൩൧-ാം നമ്പർ ബാലസംഘം സെക്രട്ടറി തേമ്പത്തുപറമ്പിൽ ചാണ്ടി ചെറിയക്കും, കടുത്തുരുത്തി ൩൧൨-ാം നമ്പർ സംഘാംഗം വട്ടനിരപ്പേൽ കുര്യാക്കോ പീലിസ്സും, കുറവിലങ്ങാട്ട ൨൩-ാംനമ്പർ ബാലികാസംഘത്തിലെ കാപ്പിൽ ത്രേസ്യാസ്സും, കടുത്തുരുത്തി ൨൨൩-ാംനമ്പർ ബാലികാസംഘത്തിലെ കീഴങ്ങാട്ട് അന്നസ്സും സമ്മാനങ്ങൾ കിട്ടിയിരിക്കുന്നു.

* * *

മേമാസത്തേയ്ക്കു, അമ്പത്തുമൂന്നുമണി ജപം കാണാപ്പാഠം ചൊല്ലാൻ കഴിയുന്നവരുടെ പേരുകൾ സെക്രട്ടറിമാർ എഴുതി അയച്ചുതരണം. കഴിഞ്ഞ മാസത്തെ മത്സരം കഴിഞ്ഞലക്കം കുസുമത്തിൽ നോക്കുക.

* * *

അമ്മയുടെ വണക്കമാസം എല്ലാവരും കഴിയുന്നത്ര താല്പര്യത്തോടെ കൊണ്ടാടണമെന്നു പറയേണ്ടതില്ലല്ലൊ. എന്തെല്ലാം ദാനങ്ങളാണ് അമ്മ ഈ മാസത്തിൽ കുഞ്ഞുമക്കൾക്കു തയാറാക്കിവച്ചിരിക്കുന്നതെന്നു ആർക്കറിയാം.

എനിക്കുവേണ്ടിയും അപേക്ഷിക്കണമെ.

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## ഒരു പുതിയ പുസ്തകം.

ജർമ്മനിയുടെ അപ്പസ്തോലനെന്ന അപരനാമത്താൽ പ്രസിദ്ധനായ വി. ബൊനിഫാസ് മെത്രാന്റെ ഒരു ജീവചരിത്രസംക്ഷേപം സ്ഥലംസെന്റ് ജോസഫ്സ് പ്രസ്സിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിന്റെ ഒരുകോപ്പി നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. സത്യവിശ്വാസപ്രചാരാർത്ഥം സ്വജീവനെ ബലികഴിച്ച ഈ വിശുദ്ധന്റെ ചരിത്രം കേരളീയ കത്തോലിക്കരുടെ ഇടയിൽ വേദപ്രചാരസംബന്ധമായ ഒരുണർച്ചയുണ്ടാക്കാതിരിക്കയില്ല. പുണ്യവാന്റെ പടത്തോടുകൂടിയ ഈ ചെറിയ പുസ്തകം മൂന്നുചക്രംവിലയ്ക്കു സെന്റു ജോസഫ്സ് പ്രസ്സ് മാന്നാനം. എന്ന മേൽവിലാസത്തിലെഴുതിയാൽ കിട്ടുന്നതാണ്.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി. യൌസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥംവഴിയായി പരീക്ഷയിൽ വിജയം സിദ്ധിച്ചതിനു ഉപകാരസ്മരണ. സി. വി. ആയന.

കാണാതെപോയ ഒരു സാധനം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ കണ്ടുകിട്ടിയതിന് മ. ശ്രേ. ആരക്കുഴ.

ഒരു പ്രത്യേക കാര്യസാദ്ധ്യത്തിനായി കുസുമവായനക്കാർ കർമ്മലനാഥയോടു എനിക്കുവേണ്ടി പ്രാർത്ഥിപ്പാറാകണം.

കെ. കെ. പാലാ.

കർമ്മലനാഥയുടെ സഹായത്താൽ എന്റെ കഷ്ടപ്പാടുകൾ തീർന്നു, നഷ്ടപ്പെട്ട ജോലിയേക്കാൾ കൂടുതൽ ശമ്പളത്തിൽ ഒരുദ്യോഗം കിട്ടിയതിനുപകാരസ്മരണ.

ഫോസ്റ്റിൻ ഗോമസ് സിലോൺ.

കാണാതെപോയ ഒരു പശുവിനെ കൂടല്ലൂർ മാർ യൌസേപ്പുപിതാവിന്റെയും മാർ അന്തോനീസിന്റെയും സഹായത്താൽ കണ്ടെത്തിയതിനു. ഉൗരമററത്തിൽ ഔസേപ്പു.

കൊഴുവനാൽ അമലോത്ഭവമാതാവിന്റെ സഹായത്താൽ ഒരാളിന്റെ സുഖക്കേടു ഭേദമായതിനും ഒരു കാര്യം സാധിച്ചതിനും ഉപകാരസ്മരണ.

എം. അവിരാ കൊഴുവനാൽ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. വി. സി. സി.

ജനിച്ചിട്ടു നാലുദിവസത്തേക്കു കണ്ണുതുറക്കാതിരുന്ന എന്റെ ശിശു പത്താംപീയൂസ്

മാപ്പാപ്പാ തിരുമനസ്സിലെ മദ്ധ്യസ്ഥതയാൽ സുഖം പ്രാപിച്ചതിനുപകാരസ്മരണ

പി. സി. വറുഗീസ് കറുമഞ്ചേരി.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും അനുഗ്രഹത്താൽ ഒരു സുഖക്കേട നീങ്ങിയതിനും ഒരു കേസു ഗുണമായതിനും സി. ജെ. ഫിലോമേനാ ചാലം ാ.

വി. അന്തോനീസു പുണ്യവാൻെറയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥതാൽ ആഗ്രഹിച്ച കാൎയ്യം സാധിച്ചുകിട്ടിയതിന് ഉപകാരസ്മരണ. എസ്സ്. എം. ആർ.

ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തിൽ ആശ്രയിച്ചുകൊണ്ടു് അനുഗ്രഹക്കൊന്ത എത്തിച്ചതിൻെറ ഫലമായി ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

എസ്സ്. എം. ആർ.

അതിരമ്പുഴ വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ മാദ്ധ്യസ്ഥം വഴിയായി അപേക്ഷിച്ചകാൎയ്യം സാധിച്ചുകിട്ടിയതിന് ഉപകാരസ്മരണ. സി എം. എം. അതിരമ്പുഴ.

വി കൊച്ചുത്രേസ്യാപുണ്യവതിയുടെയും കാലംചെയ്ത കുൎയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും മാദ്ധ്യസ്ഥതാൽ പരീക്ഷയിൽ വിജയം സിദ്ധിച്ചതിനു ഉപകാരസ്മരണ.

എന്. സി. എം. ഇ. അതിരമ്പുഴ.

മാർ യൌസേപ്പുപിതാവിൻെറ പ്രത്യേക സഹായത്താൽ അപകടമെന്നു വിചാരിച്ച സുഖക്കേട ഭേദമായതിനു ഉപകാരസ്മരണ.

എം. ഡി. ഡി. തീക്കോയി.

പരിശുദ്ധ കന്യകമറിയത്തിൻെറ സഹായത്താൽ അപേക്ഷിച്ചകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ. നേർച്ചപ്രകാരം പരസ്യംചെയ്വാൻ താമസിച്ചതിനു ക്ഷമാപണം.

ബ്രദർ പോൾ പുത്തൻപുരയ്ക്കൻ.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൻ ലഭിച്ച മനോഗുണങ്ങൾക്കു ഉപകാരസ്മരണയായി 3 രൂപാ അയക്കുന്നു.

കെ. എ. റപ്പേൽ മദ്രാസ്.

വി. കൊച്ചുത്രേസ്യായുടെയും തിരുക്കുടുംബത്തിൻെറയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. ടി. സക്കറിയാ കാഞ്ഞൂപ്പറമ്പിൽ.

മാന്നാനത്തു വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിന് ഉപകാരസ്മരണ.

പി സി. ചാക്കൊ, മാന്നാനം.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാൎത്ഥിപ്പാറാകണം.

കൈപ്പൻപ്ലാക്കൽ പെ. ബ. അബ്രാഹം അച്ചൻ അവർകളുടെ സഹോദരിയും കട്ടക്കയത്തിൽ ജെ. ജോൺ അവർകളുടെയും കല്ലുക്കുളം കന്യകാമഠത്തിലെ കന്യാസ്ത്രീ ക്ലാരമ്മയുടെയും മാതാവുമായ ശ്രീമതി ഏലിയാമ്മ മാർച്ച് 3-ാം തീയതി 63 വയസ്സ.

കല്ലൂക്കാട്ടുപള്ളിയിടവക വല്ലയിൽ ശ്രീമതി മറിയാമ്മ 94 വയസ്സ്.

പെരുമാലിച്ചിറയിൽ വറുഗീസു വൈദ്യൻെറ അമ്മ ശ്രീമതി മറിയാമ്മ മാർച്ച് 25-ാംനു- 63 വയസ്സ.

ഇരിങ്ങാലക്കുട നാലാംനമ്പർ കെ. സി. സി. എ. അദ്ധ്യക്ഷൻ ആലപ്പക്കൽ അന്തോണി ഔസേപ്പ് മാർച്ച് 30.

ചേറ്റുങ്കൽ പള്ളിയിടവക കലേക്കാട്ടിൽ ബ. തോമ്മാച്ചൻെറ സഹോദരപുത്രനും ക. നി. മൃ. സ. പുഞ്ചേക്കുന്നേൽ ബ. വക്കിയച്ചൻെറ മരുമകനുമായ കെ. സി. തോമ്മസ് 14 വയസ്സ്.

പുത്തൻതോപ്പ് ഇടവക വിൻസൻറു് ദിമിരാന്ത ഏപ്രിൽ 1-ാംനു-

മരങ്ങാട്ടുപള്ളിയിടവക മണിമലത്തറപ്പു പുത്തൻപുരയിടത്തിൽ ശ്രീമതി ഏലിയാമ്മ ഏപ്രിൽ 7-ാംനു- 65 വയസ്സ.

അരീത്തറപ്പള്ളിയിടവക 132-ാംനമ്പർ കെ. സി. സി. എ. സംഘാംഗമായിരുന്ന കല്ലാച്ചേരിൽ വക്കി ഏപ്രിൽ ?-ാംനു- 18 വയസ്സ.

വടകരപ്പള്ളിയിടവക കൊച്ചുകുന്നേൽ അന്ന ഏപ്രിൽ 15-ാംനു- 62 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൧൯.　　　൨൨　　　ഞായറാഴ്ച അക്ഷരം. ൦.

## ൧൯൨൯ മേയ്.— ൧൧൦൪ മേടം ഇടവം.—

### എ. ഭാ. ക. മറിയത്തിന്റെ വണക്കമാസം.

| | | | | | |
|---|---|---|---|---|---|
| | 1 | 19 | ബു | (†) പീലിപ്പോസും യാക്കോബും ന. കു. പെ. | ചു. |
| | 2 | 20 | വ്യാ | മൗ. അ. അത്തനാസ്യൂസ് ന. ആ. കു. പെ. | വെ. |
| | 3 | 21 | വെ | ശ്ലു. കുരിശു കണ്ടെത്തി ന. ആ. കു. പെ. | ചു. |
| | 4 | 22 | ശ | വി. മോനിക്കാ ന. ആ. കു. പെ. | വെ. |
| | | | | കൈപ്പുഴപ്പള്ളിയിൽ വി. ശീവറുഗീസു് സഹോദരിയുടെ തിരുനാൾ. | |
| | 5 | 23 | ഞാ | ✠ ഉ. ൫-ാം ഞാ. ന. കു. ആ. ൭൦ ൦ ൩൭ | വെ. |
| | | | | ☞ അടുത്തവ്യാഴം കടം പള്ളിയിൽ വിളിച്ചുപറയണം. | |
| | 6 | 24 | തി | മൗ. യോഹന്നാൻ ന. ആ. കു. പെ. | വെ. |
| | 7 | 25 | ചൊ | വേദ. അ. സ്തനിസ്ലാവോസ് ന. ആ. കു. പെ. | ചു. |
| ● | 8 | 26 | ബു | മിഖായേൽ മാലാകാ പ്രത്യക്ഷം ന. ആ. കു. പെ. | വെ. |
| | 9 | 27 | വ്യാ | ✠ ന. ക. സ്വർഗ്ഗാരോഹണം ന. കു. പെ. | വെ. |
| | 10 | 28 | വെ | വേദ. ഗോർദിയാനോസും കൂട്ടരും ന. ആ. കു. പെ. | ചു. |
| | 11 | 29 | ശ | ✳ മൗ. അ. ഇസിദോർ (എ.൧൪) ന. ആ. കു. പെ. | വെ. |
| | 12 | 30 | ഞാ | ✠ ഉ. ൬-ാം ഞാ. ന. കു. ആ. ൨൨ ൧൨ | വെ. |
| | 13 | 31 | തി | ✳ മൗ. വിനസന്തിയോസ് (എ. ൫.) ന. ആ. കു. പെ. | വെ. |
| | 14 | 1 | ചൊ | വേദ. ബൊനിഫാസിയോസു് ന. ആ. കു. പെ. | ചു. |
| | 15 | 2 | ബു | വേദ. തിമൊത്തിയൂസും കൂട്ടരും (എ. ൧൪) ന.ആ.കു.പെ. | ചു. |
| | 16 | 3 | വ്യാ | മൗ അ. ഉബാൽദോസ് ന. ആ. കു. പെ. | വെ. |
| | 17 | 4 | വെ | ✳ മൗ. പാസ്കാലീസ് ന. ആ. കു. പെ. | വെ. |
| | 18 | 5 | ശ | ✳ വേദ. ബനാന്തീസ് ന. ആ. കു. പെ. | ചു. |
| | 19 | 6 | ഞാ | ✠ പന്തക്കുസ്താ. ന. കു. പെ. ൨൨൯൨ ൭൩ ൨ ൩ | ചു. |
| | | | | പാവർട്ടി കൊച്ചുത്രേസ്യാ: തിരുനാൾ. | |
| | | | | ☞ അടുത്ത ബുധൻ ഇറച്ചിവിലക്കു പള്ളിയിൽ അറിയിക്കണം. | |
| | 20 | 7 | തി | (†) പന്ത. ന. കു. എം. | ചു. |
| | 21 | 8 | ചൊ | (†) പന്ത. എം. ന. കു. പെ. | ചു. |
| | 22 | 9 | ബു | പന്ത. എം. ന. കു. എം. പട്ടം ഇ. വി. | ചു. |
| ◐ | 23 | 10 | വ്യാ | പന്ത. എം. ന. കു. എം. | ചു. |
| | 24 | 11 | വെ | പന്ത. എം. ന. കു. എം. പട്ടം. | ചു. |
| | 25 | 12 | ശ | പന്ത. എം. ന. കു. എം. പട്ടം. | ചു. |
| | 26 | 13 | ഞാ | ✠ പന്ത. ൧-ാം ഞാ. ശ്ലു. ത്രിത്വം ന. ആ. കു. പെ. ൭൦ ൩ ൩൭ | വെ. |
| | | | | ☞ അടുത്ത വ്യാഴം കടം പള്ളിയിൽ വിളിച്ചുപറയണം. | |
| | 27 | 14 | തി | വേദ. പാ. യോഹന്നാൻ ന. ആ. കു. പെ. | ചു. |
| | 28 | 15 | ചൊ | ✳ മൗ. അ. അൻസെൽമൂസ് (എ. ൨൧) ന. ആ. കു. പെ. | വെ. |
| | 29 | 16 | ബു | വേദ. വിത്താലീസ് (എ. ൨൪) ന. ആ. കു. പെ. | ചു. |
| | 30 | 17 | വ്യാ | ✠ ശ്ലു. കുർബാന ന. കു. പെ. | വെ. |
| | 31 | 18 | വെ | ശ്ലു. കുർബാന എം. ന. കു. പെ. | വെ. |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press Mannanam 1929.